ശ്രീ. എ. എസ്സ്. പുരുഷോത്തമൻ : ഭേദഗതി സ്വീകരിക്കാൻ വിരോധമില്ല, സ്വീകരിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : പ്രമേയം പാസ്സാക്കണമെങ്കിൽ എനിക്കു വിരോധമില്ല.

The amendment moved by Shri K. Moideenkutty Haji was put and carried.

The other amendments were, by leave, withdrawn.

The Resolution, as amended, was put and carried.

RESOLUTION 2

Interim Machinery to enquire into allegations of corruption

Mr. Speaker: I call upon Shri N.I. Devassikutty to move his resolution.

തൊഴിൽ മന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): Sir, I raise objection to the introduction of the Resolution standing in the name of Shri N. I. Devassykutty on very serious constitutional, procedural and legal grounds.

സർ, ഈ സഭാനടപടികൾക്കു അംഗീകാരം ലഭിക്കുന്നതു ഭരണഘടനയുടെ 208–ാംനിബന്ധനപ്രകാരമാണു്. ആ നിബന്ധന അനുസരിച്ചു് ഉണ്ടാക്കിയിട്ടുള്ള ഈ നിയമസഭയുടെ ചട്ടങ്ങളിൽനിന്നു മനസ്സിലാകുന്നതു് ഈ ഉള്ളടക്കത്തോടും ഈ രൂപത്തിലുമുള്ള ഒരു പ്രമേയം അവതരിപ്പിക്കാൻ പാടില്ലെന്നാണു്. ഇന്നുള്ള ചട്ടങ്ങൾക്കു അതീതമായി, ഭരണഘടനക്കു വിരുദ്ധമായിട്ടുള്ള ഒരു പ്രമേയമാണിതു്. ചട്ടങ്ങൾക്കു വിരുദ്ധമായിട്ടുള്ള ഈ പ്രമേയം അനുവദിക്കത്തക്കതല്ല. നമ്മുടെ ചട്ടങ്ങളിൽ 115–ാം വകുപ്പിൽ 'ഫാം ആഫ് റസല്യൂഷനെ'പ്പറ്റി പറയുന്നുണ്ടു്.

"115. Form of Resolution'. A resolution may be in the form of a declaration of opinion, or recommendation or may be in the form so as to record either approval or disapproval by the Assembly of an act or policy of Government, or convey a message or commend, urge or request an action; or call attention to a matter or situation for consideration by Government or in such other form as the Speaker may consider appropriate."

ഇതിൽ അഭിപ്രായം, ശുപാർശ എന്നെല്ലാം പറയുന്നതു് ഗവണ്മെൻറിന്റെ ഒരു എക്സിക്യൂട്ടീവു് ആക്ഷനെ സംബന്ധിച്ചോ അതല്ലെങ്കിൽ ഒരു ലജിസ്ലേഷൻ പാളിസിയെ സംബന്ധിച്ചോ ഉള്ള അഭിപ്രായമോ ശുപാർശയോ ആകാമെന്ന അർത്ഥത്തിലാണു്. എന്നാൽ ഈ പ്രമേയം തുടങ്ങുന്നതുതന്നെ ഈ സഭയുടെ മുൻപിലുള്ള ഒരു ബിൽ പാസ്സാക്കുന്ന കാര്യത്തെപ്പറ്റിയാണു്. പ്രമേയം ഞാൻ വായിക്കാം: "കേരള പബ്ലിക്കുമെൻ (എൻക്വയറീസ്) ബിൽ നിയമമാകുന്നതുവരെയുള്ള കാലത്തേയ്ക്കു് അഴിമതിയാരോപണങ്ങളെക്കുറിച്ചന്വേഷിക്കുവാൻ ഒരു ഇടക്കാലമെഷിനറി രൂപീകരിക്കണമെന്നും ഈ സഭ തീരുമാനിക്കുന്നു".

സർ, ഈ സഭയുടെ അധികാരം, ഭരണഘടനാനിലവാരം ഇതെല്ലാം പരിശോധിക്കേണ്ടതായിട്ടുണ്ടു്. ഒന്നാമതായി പറയാൻ ഞാൻ ആഗ്രഹിക്കുന്നതു്, പാർലമെൻറു 'കണ്ടൻറു് ആഫ് സ്പീച്ചു്' എന്തായിരിക്കണമെന്നു നിശ്ചയിച്ചിട്ടുള്ളതനുസരിച്ചു് ആ സമയത്തു് വിവാദത്തിനു വയ്ക്കാത്തതും സഭയുടെ മുൻപിലില്ലാത്തതുമായ ഒരു ബില്ലിനെക്കുറിച്ചു് പരാമർശിക്കാൻ പാടില്ലെന്നാണു്. അതിന്റെ പേരുപോലും പറയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

Rules governing the contents of speeches: 'A member, while speaking to a question, may not introduce matter which is irrelevant to that question allude to debates of the same session upon any question or Bill not then under discussion'

(May's Parliamentary Practice—16th edition 461 page).

Sir, so there can be no allusion to a Bill not under discussion.

നമുക്ക പ്രത്യേകമായി ഒരു ചട്ടമില്ലാത്തതുകൊണ്ട് ബ്രിട്ടീഷ് പാർലമെൻറിന നടപടികളാണ് മാതൃകയായി അംഗീകരിച്ചിട്ടുള്ളത്. ഈ സഭയിൽ ഇങ്ങനെയൊരു ബില്ലനെക്കുറിച്ച ഡിസ്കസുചെയ്യുന്നത കണ്ടൻറ ആഫ് സ്പീച്ചിനെ സംബന്ധിച്ച ചട്ടത്തിന വിരുദ്ധമാണ്. ഇത് ഈ സഭയുടെ മുൻപിലുള്ള ഒരു എക്സിക്യൂട്ടീവ് ഗവണ്മെൻറിൻെറ പാളിസിയുടെ അപ്രൂവലോ ഡിസപ്രൂവലോ ആണെന്ന പറയുന്നില്ല.

115–ാം നമ്പർ ചട്ടത്തിൽ പറയുന്നത് ഇപ്രകാരമാണ്:

'either an approval or disapproval by the Assembly of an act or policy of the Government'. Here this, neither approves nor disapproves and what it is, we do not know.

Mr. Speaker: 'request for action'

Shri Mathai Manjooran: No. Action means executive action. Legislation is not an action, it is always called legislation.

പബ്ലിക്കമെൻ എൻകയറീസു ബിൽ ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ആ ബിൽ പാസ്സാകുന്നതുവരെ ഒരു ഇടക്കാല മെഷിനറി വേണമെന്നാണ് ഇതിൽ പറയുന്നത്. ഒന്നാമത് ഇതിലെ കണ്ടൻറ ശരിയായിട്ടില്ല. ഒരു ഇടക്കാല മെഷിനറി വേണം എന്നുള്ള രീതിയിൽ ഒരു നിയമനിർമ്മാണം ശരിയായിരിക്കുകയില്ല. നിയമനിർമ്മാണം ശാശ്വതമോ സനാതനമോ അല്ലെങ്കിലും, അതിനൊരു സ്ഥായീഭാവമുണ്ട്. പബ്ലിക്കമെൻ എൻകയറീസു ബിൽ നിയമസഭയിൽ അവതരിപ്പിച്ചതിന ശേഷം പ്രാഥമിക ചർച്ചകളം കഴിഞ്ഞു സെലക്ററ കമ്മിറ്റിക്ക സമർപ്പിച്ചിരിക്കുകയാണ്. എൻെറ അറിവു ശരിയാണെങ്കിൽ സെലക്ററ കമ്മിറ്റിസ്റ്റേജ് തീർന്നിരിക്കുകയാണ്. ആ ബിൽ പാസ്സാകുകയില്ലെന്ന ഒരു സങ്കല്പത്തിലാണ് ഈ പ്രമേയം കൊണ്ടവന്നിരിക്കുന്നതെന്ന തോന്നുന്നു. ആ നിലയിലുള്ള ഒരു പ്രമേയം ഈ സഭയേയും സഭയുടെ നടപടിക്രമത്തേയും അവഹേളിക്കുന്ന ഒന്നായിട്ടുവേണം കരുതാൻ. അങ്ങനെ പ്രമേയം അതിൻെറ രൂപത്തിൽതന്നെ സ്വയം നിരോധിക്കപ്പെട്ടിരിക്കുകയാണ്. പബ്ലിക്കമെൻ എൻകയറീസു ബിൽ പാസ്സാകുന്നതിനുമുൻപ് ഒരിടക്കാലമെഷിനറി വേണമെന്ന പറയുന്നതിൽ യാതൊരർത്ഥവുമില്ലെന്ന ഞാൻ വിശദമാക്കാം. ഈ പ്രമേയത്തിൽ ആരു ചെയ്യുന്ന അഴിമതിയെപ്പററി അന്വേഷിക്കണമെന്ന വ്യക്തമാക്കിയിട്ടില്ല അഴിമതിയാരോപണങ്ങളം ആകാശംവരെ തിങ്ങിനിൽക്കുകയാണ്. ഏതു വിധത്തിലുള്ള ആരോപണങ്ങളാണ്, ആരുടെപേരിലുള്ള അഴിമതിയാരോപണങ്ങളാണ് അന്വേഷിക്കേണ്ടത്, നിലവിലുള്ള നിയമങ്ങളുമായിട്ട് അതിനുള്ള ബന്ധം എന്തായിരിക്കണം എന്നൊന്നും ഇതിൽ വ്യക്തമല്ല. ഇൻഡ്യാരാജ്യത്തെ സംബന്ധിച്ചിടത്തോളം കേന്ദ്രപാർലമെൻറ പാസ്സാക്കിയിട്ടുള്ള പ്രിവൻഷൻ ആഫ് കാപ്പററ പ്രാക്ററീസസ് ആക്ററ് 1947–ലേത് 1952–ലും 1955–ലും ഭേഗതി ചെയ്തിട്ടുണ്ട്. അങ്ങനെയൊരു നിയമം ഇന്നു പ്രാബല്യത്തിലിരിക്കുന്നുണ്ട്. അതുപോലെതന്നെ കമ്മീഷൻ ആഫ് എൻകയറീസ് ആക്ററും പ്രാബല്യത്തിലിരിക്കുന്നുണ്ട്. ഈ രണ്ടു നിയമങ്ങളുമാണ് ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അന്വേഷണത്തിന് അടിസ്ഥാനമായിട്ടുള്ളത്. ഈ നിയമങ്ങളംക്ക ഭേഗതി ആയിട്ടാണോ, അതോ ഈ സഭ പാസ്സാക്കാൻ പോകുന്നതായ പബ്ലിക്കമെൻ എൻകയറീസ് ബില്ലിന ഭേഗതിയായിട്ടാണോ, ഇതു കൊണ്ടവന്നിട്ടുള്ളത്? അങ്ങ

LIBRARY ARCHIVES Kerala Legislative Assembly

നെയാണെങ്കിൽ, നിയമനിർമ്മാണത്തിന്റെ തത്വത്തിനു യോജിച്ച രീതിയിൽ അവതരിപ്പിക്കേണ്ടതാണു. ഇതു വെറുമൊരു റസല്യൂഷന്റെ രൂപത്തിലാണു് അവതരിപ്പിച്ചിട്ടുള്ളതു്. ശ്രീ. കൗൾ എഴുതിയിട്ടുള്ള പാർലമെന്റു പ്രാക്ടീസിൽ ഇങ്ങനെ പറയുന്നു.

Practice and Procedure of Parliament by M. N. Kaul & S. L. Shakdher: Chapter XXI :

" Legislation : An important function of Parliament is to make laws. The term law according to the most generally accepted definition is an imperative direction embodied in an Act which in the form of a Bill has been regularly debated and passed by a duly constituted Legislature in the prescribed manner and assented to by the Head of the State and is binding on every citizen and which the courts charged with the duty of ensuring respect for law are bound to enforce "

സർ, ഇങ്ങനെയൊരു പ്രമേയം സഭയിൽ അവതരിപ്പിക്കുന്നതു് നിയമസഭാ നടപടികളെ സംബന്ധിച്ചിടത്തോളം പൂർവ്വാചാരവിരുദ്ധവും' നൂതനാചാരത്തിനെതിരുമായിട്ടുള്ളതാണു്. ഒരു നിയമനിർമ്മാണമെന്ന നിലയിൽ, ഇതിൽ അന്തർലീനമായിരിക്കുന്ന കാര്യങ്ങൾ ഒരു ബില്ലിന്റെ രൂപത്തിൽ അവതരിപ്പിക്കുകയും, അതൊരു ആക്ട് ആക്കുകയും, ആക്ട് എന്നുള്ള നിലയിൽ കോടതികളിൽ പ്രാബല്യത്തിൽ വരുത്തുകയും ചെയ്യാനുള്ള അധികാരംകൂടി ഉണ്ടായിരിക്കണം. ഈ റസല്യൂഷനിൽ ഇതു വല്ലതുമുണ്ടോ ? ഒന്നുമില്ല. ഇതു് നിലവിലിരിക്കുന്ന രണ്ടു നിയമങ്ങളെ ഭേദഗതി ചെയ്യാനും, വരാൻപോകുന്ന ഒരു നിയമത്തിനു ഒരു കഴപ്പും സൃഷ്ടിക്കാനും വേണ്ടിയാണെന്നു തോന്നുന്നു. അതുകൊണ്ടാണു ഞാൻ പറയുന്നതു്, ഒരു ഇടക്കാല മെഷിനറി എന്നു പറയുന്നതു് 'it should be embodied in an Act'

ശ്രീ. കെ. കരുണാകരൻ : സർ, സമയം വളരെ.....

ശ്രീ. മത്തായി മാഞ്ഞൂരാൻ : സർ, ഞാൻ എന്റെ വാദഗതിക്കു സഹായകമായ ചില കാര്യങ്ങൾ മാത്രമേ പറഞ്ഞുള്ളൂ. മുഖ്യമായ പലതും പറയാനുണ്ടു്.

മി. സ്പീക്കർ : എനിക്കു സമയംകൂടി നോക്കേണ്ടതുണ്ടു്. മുഖ്യമായ ഒബ്ജക്ഷൻസ് എന്തൊക്കെയാണെന്നു പറയണം.

Revenue Minister (**Smt. K. R. Gouri**) : These are constitutional points. An amendment of an Act cannot be brought forward like this. It must come in the form of a Bill.

Shri C. B. Chandrasekhara Warrier : I have also to raise certain other points which will show that this Resolution is not in order.

Shri Mathai Manjooran : These are basic objections. സർ, ഈ പ്രമേയം ഇങ്ങനെ പാസ്സാക്കുകയാണെങ്കിൽ ഭരണഘടനാപരമായ ചട്ടങ്ങൾക്കു് വിരുദ്ധമായ ഒരു നടപടി നാം ചെയ്യുകയായിരിക്കും. എനിക്കു അങ്ങയുടെ വ്യക്തമായ ഒരു റൂളിംഗ് ഈ കാര്യത്തിൽ ആവശ്യമാണു്. ഭരണഘടനാ ആർട്ടിക്കിൾ 20-ൽ പറയുന്നതു് നിലവിലുള്ള ഒരു നിയമം അനുസരിച്ചല്ലാതെ ആരെയും ശിക്ഷിക്കാൻ പാടില്ലെന്നാണു്. അതിനെസംബന്ധിച്ചിടത്തോളം സുപ്രീംകോടതിയിലും ചില ഹൈക്കോടതികളിലും ജഡ്ജ്മെന്റുകൾ ഉണ്ടായിട്ടുണ്ടു്. ഈ സഭയുടെ അറിവിനായി അതിലൊന്നു് വായിക്കാൻ അങ്ങു എന്നെ അനുവദിക്കണം.

The decision in P. S. Mills *vs.* P. S. Mills Mazdur Union (1957 SCJ 38) is to the effect that the law which governs a procedent is the law which existed at the time of the occurrence of the cause of action. Subsequent

LIBRARY ARCHIVES Kerala Legislative Assembly

proceedings arising like appeals will also be governed by the law as it existed at the time of the occurrence. The following decisions also support this position :

1957 II. M. L. J. 1 (Garikapathi Veeraiah *Vs* Subbaiah Chaudiri and others). AIR 1958 Kerala 251.

Mr. Speaker : How much time will it take?

Shri Mathai Manjooran : I require 10 minutes more. This is a very serious and important matter.

Shri K. Karunakaran : Sir, I rise on a point of order.

(Many members were seen standing up and trying to speak).

Shri Mathai Manjooran : I am exercising my right under Article 177 of the Constitution and interference is not permissible.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഈ പ്രമേയത്തിന് 75 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. 53 ഭേഗതികളും അവതരിപ്പിച്ചിട്ടുണ്ട്....

Shri Mathai Manjooran : Sir, I will read that Article

Shri K. T. George : One submission.

മി. സ്പീക്കർ : ആർഡർ, ആർഡർ. ഇതിനെ സംബന്ധിച്ചിടത്തോളം ഭരണഘടനാപരമായ അഭിപ്രായ വ്യത്യാസങ്ങളും ഉള്ളതുകൊണ്ട് സീരിയസായിട്ടുള്ള ഒബ്ജക്ഷൻസു ബഹുമാനപ്പെട്ട മന്ത്രി ഉന്നയിക്കുകയായിരുന്നു. ഈ പ്രമേയത്തിനു 75 മിനിട്ടാണ് അനുവദിച്ചിരിക്കുന്നത്. ആ സമയം മുഴുവൻ തീർന്നപോയാൽ അടുത്ത നടപടി എങ്ങനെ തുടരണമെന്ന കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. ഒബ്ജക്ഷൻ ഉന്നയിക്കാൻ എത്ര സമയം വേണമെന്നു നിശ്ചയിക്കണം. നിയമസഭാ പ്രൈവറ്റ് മെമ്പേഴ്സ് ബിൽസ് ആൻഡ് റസല്യൂഷൻസ് കമ്മിറ്റി പരിശോധിച്ചതിനുശേഷമാണ് സമയം അലോട്ട് ചെയ്തിട്ടുള്ളത്. ഇത്ര മണി മുതൽ ഇത്ര മണി വരെ ഓരോ പ്രമേയവും ചർച്ച ചെയ്യണമെന്നു വിശദമായി ചർച്ചചെയ്തശേഷമാണ് സമയം നിശ്ചയിച്ചിട്ടുള്ളത്. 10-40 മുതൽ 75 മിനിട്ടാണ് ഈ പ്രമേയത്തിനു നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോഴത്തെ അതിനുള്ള സമയം കുറെ കഴിഞ്ഞിരിക്കുകയാണ്. കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള തീരുമാനത്തിനു വിരുദ്ധമായിട്ട് സഭയ്ക്ക് ഒരു തീരുമാനം എടുക്കാം. സമയം എങ്ങനെ ക്രിപ്പപ്പെടുത്തണമെന്നു ആലോചിക്കേണ്ടിയിരിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഈ റസല്യൂഷൻ നിയമപരമായി നടപ്പിലാക്കുവാൻ പറ്റുകയില്ല. It will be infructuous. ഭരണഘടനാപരമായി ഇതു മുമ്പോട്ടു കൊണ്ടുപോകുവാൻ സാധിക്കുകയില്ല. ഇതു ഒരു പ്രമേയമായി അവതരിപ്പിക്കുവാനുള്ളതല്ല. ബില്ലായിട്ടു നിയമസഭയിൽ കൊണ്ടുവന്നു പാസ്സാക്കുവാനുള്ളതാണ്. അല്ലാതെ ഈ പ്രമേയം നാം ഇപ്പോൾ പാസ്സാക്കിയാൽ അതു ഭരണഘടനാ വിരുദ്ധമാണെന്നും, അതുകൊണ്ടു അതു ശരിയായില്ല. അതു തിരുത്തണമെന്നും പറഞ്ഞു പിന്നീടും സഭയിൽ കൊണ്ടുവരേണ്ടിവരും. അതുകൊണ്ടു ഇപ്പോൾ ഇതു ഇവിടെ അനുവദിക്കത്തക്കതല്ല എന്നാണ് എനിക്കു പറയുവാനുള്ളത്.

11 A. M.

മി. സ്പീക്കർ : ആ അഭിപ്രായത്തോടു അനുകൂലിക്കുന്നതിനൊന്നും ഒരു വിരോധവും എനിക്കില്ല. പക്ഷേ അതു സഭയാണ് തീരുമാനിക്കേണ്ടതു. കാരണം, ഇതു ഒരു കമ്മിറ്റിയുടെ മുമ്പാകെ വച്ചു കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതാണ്. കമ്മിറ്റി ഒരു തീരുമാനം എടുത്തു ഒരു പ്രമേയമായി അവതരിപ്പിക്കുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അതു ഈ സഭയിൽ അവതരിപ്പിക്കുവാൻ മാത്രമേ എനിക്കു സാധിക്കുകയുള്ളു. അതു ശരിയല്ലെന്നു സഭയ്ക്കു തോന്നുകയാണെങ്കിൽ സഭയ്ക്കു ശരിയല്ലെന്നു പറഞ്ഞു മാറ്റാവുന്നതാണു്.

ശ്രീമതി കെ. ആർ. ഗൗരി : ഈ റസല്യൂഷൻതന്നെ അഡ്മിസിബിലം ആണോ അല്ലയോ എന്നു നോക്കിയിട്ടില്ല. അതു നോക്കിയിട്ടുവേണം സഭയിൽ അവതരിപ്പിക്കുവാൻ. അവതരിപ്പിച്ച ശേഷം മാത്രമേ മാറ്റം വരുത്തുന്ന പ്രശ്നം ഉണ്ടാകുന്നുള്ളു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : റസല്യൂഷൻസിനു അനുവദിക്കേണ്ട സമയവും അലോട്ടു ചെയ്യ എന്നല്ലാതെ അതിന്റെ നിയമവശം പരിശോധിച്ചു തീരുമാനമെടുക്കുവാനുണ്ടു്. അതുകൊണ്ടു ഒരു നിയമവിദഗ്ദ്ധന്റെ അഭിപ്രായം തേടിക്കൊണ്ടു നിയമപരമായ വ്യാഖ്യാനം എന്തായിരിക്കുമെന്നു അറിഞ്ഞിട്ടു ഈ പ്രമേയത്തെ അനുകൂലിക്കാം.

മി. സ്പീക്കർ : അതൊക്കെ ചെയ്യുന്നതു നല്ലതാണു്. പക്ഷേ കമ്മിറ്റി എടുത്ത തീരുമാനത്തിനു വിരുദ്ധമായിട്ടായിരിക്കും അതു വരിക. അതുകൊണ്ടു ഇതു സഭയിൽ അവതരിപ്പിച്ചിട്ടു സഭയ്ക്കു എന്തു തീരുമാനം വേണമെങ്കിലും എടുക്കാവുന്നതാണു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : സർ, ഇവിടെ ഒരു പോയിന്റു ഓഫ് ഓർഡർ ഉണ്ടു്. ഈ സഭയുടെ നടപടി ചട്ടങ്ങളെ സംബന്ധിച്ചു എന്തു തീരുമാനം എടുക്കുവാനും അങ്ങേയ്ക്കു അധികാരം ഉണ്ടെങ്കിലും ഏതു ഘട്ടത്തിലും ഒരു പോയിന്റു ഓഫ് ഓർഡർ ഉന്നയിക്കുവാനുള്ള അധികാരം മെമ്പർക്കാണുള്ളതു്. ഇവിടെ ഉന്നയിച്ചിട്ടുള്ള പോയിന്റു ഓഫ് ഓർഡറിനു വ്യക്തമായ റൂളിംഗ് ഉണ്ടായശേഷം സഭയിൽ ഇതു അവതരിപ്പിക്കുന്നതിനെ സംബന്ധിച്ചു ചർച്ച ചെയ്താൽ മതിയാവും.

മി. സ്പീക്കർ : എനിക്കു അതിലൊന്നും വലിയ അഭിപ്രായവ്യത്യാസം ഇല്ല. വ്യക്തിപരമായ അവകാശം ഉണ്ടെന്നുള്ളതുകൊണ്ടാണല്ലോ മന്ത്രിക്കു സംസാരിക്കുവാൻ അനുവാദം കൊടുത്തിട്ടുള്ളതു്. ഇവിടെ വന്നിരിക്കുന്ന ബുദ്ധിമുട്ടിനു പരിഹാരം എന്താണെന്നു കാണണം. ഇതു പിന്നെയെടുത്താൽ മതിയെങ്കിൽ പിന്നെയെടുത്താൽ മതി. പക്ഷേ അതു ഈ സഭയാണു് തീരുമാനിക്കേണ്ടതു്. ഞാനല്ല.

ശ്രീ. കെ. കരുണാകരൻ : പ്രമേയം അനുവദിക്കണമെന്നു അങ്ങു് സഭയോടു പൊതുവേ പറയുകയും സഭ അതംഗീകരിക്കുകയും ചെയ്തതാണു്. ആ സ്ഥിതിക്കു ഇതു ഇവിടെ ചർച്ച ചെയ്തു പാസ്സാക്കുകയോ തള്ളിക്കളയുകയോ ചെയ്യാം.

Shri C. B. Chandrasekhara Warrier : There is already a point of order.

ഒരാൾ ഒരു പോയിന്റു് ഓഫ് ഓർഡർ റെയിസ് ചെയ്തിരിക്കുമ്പോൾ ഇവിടെ എന്താണു് നടക്കുന്നതു്.

മി. സ്പീക്കർ : ഭരണഘടനാപരമായ നടപടിക്രമങ്ങളെ സംബന്ധിച്ചും അഭിപ്രായങ്ങളെ സംബന്ധിച്ചും അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ അതിന്മേൽ ഒരു തീരുമാനം എടുക്കേണ്ടതു അത്യാവശ്യമാണു്. അതിനെപ്പറ്റി ആക്ഷം അഭിപ്രായവ്യത്യാസം ഇല്ല. ഇവിടെ ഇതു കൊണ്ടുവന്നിരിക്കുന്ന സ്ഥിതിക്കു ഇതു വേണ്ടെന്നു വയ്ക്കുവാനുള്ള അവകാശം സഭയ്ക്കാണെന്നാണു് ഞാൻ പറയുന്നതു്. സഭയിൽ ഈ പ്രമേയത്തിനു വച്ചിട്ടുള്ള സമയം മാറ്റിവയ്ക്കുന്നതിനോ അതു വേണ്ടെന്നു വയ്ക്കുന്നതിനോ സഭയ്ക്കു അവകാശമുണ്ടു്. അതു സഭ തീരുമാനിച്ചാൽ മതി.

ശ്രീ. മത്തായി മാഞ്ഞൂരാൻ : സർ, ഒരു തെറ്റിദ്ധാരണ മാറ്റാൻ വേണ്ടി ഞാൻ പറയുകയാണു്....

ശ്രീ. കെ. കരുണാകരൻ : സർ, ഇതു ഏതു നിയമപ്രകാരമാണു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഭരണഘടന എന്നിൽ നിക്ഷിപ്തമായിട്ടുള്ള അവകാശങ്ങം അതായത് ഭരണഘടന 177–ാം വകുപ്പ് ഞാൻ വായിക്കാം. 177. Rights of Ministers and Advocate General as respects the Houses:—Every Minister and the Advocate General for a State shall have the right to speak in and otherwise to take part in the proceedings of the Legislative Assembly of the State. ഏതു സന്ദർഭത്തിലും ഈ സഭയുടെ നടപടി തെറ്റിപ്പോകാതിരിക്കുവാൻ വേണ്ടി ഇടപെടുവാനുള്ള അവകാശം എന്നിൽ നിക്ഷിപ്തമായിരിക്കുകയാണ്. ഈ സഭയിലെ ചട്ടങ്ങംകൊണ്ടു അതു മാറുകയില്ല. ഈ സഭയിലുള്ള ആളുകൾക്ക് ഭരണഘടനയിൽ നിക്ഷിപ്തമായിട്ടുള്ള ആ അവകാശം എടുത്തുകളയുമെന്നുള്ളതാണ് എതിർപക്ഷ നേതാവിന്റെ അഭിപ്രായമെങ്കിൽ ആ കാര്യത്തെപ്പറ്റി അങ്കലാപ്പുണ്ട്. ഞാൻ പറഞ്ഞ കാര്യങ്ങം കണക്കിലെടുത്തു സഭ എന്തു അനന്തര നടപടിയെടുക്കണമെന്നു തീരുമാനിക്കണം. ഞാൻ പറയുവാൻ ഉദ്ദേശിക്കുന്ന മറ്റൊരു കാര്യം ഈ പ്രമേയം അവ്യക്തമാണ് എന്നതാണ്. ഒന്നാമതായി അഴിമതിയെപ്പറ്റി കാലാന്തരമായി നിലനിൽക്കുന്ന ചട്ടങ്ങം ഉണ്ട്. ഇൻഡ്യൻ പീനൽ കോഡിലെ 163–ാം ചട്ടവും 1947–ൽ പാർലമെന്റു പാസ്സാക്കിയിട്ടുള്ള പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്റ്റും പുതിയ നിയമങ്ങം ഒന്നുമല്ല. കാലാന്തരമായി നിലനിന്നു വരുന്നതും അനേകം ആളുകളെ ഹാം അപ്പു ചെയ്തിട്ടുള്ളതുമായ ഈ നിയമം യൂണിയൻ പാർലമെന്റു പസ്സാക്കിയിട്ടുള്ളതും ഈ രാജ്യത്തും നിലവിലിരിക്കുന്നതുമാണ്. അതിനെല്ലാം വിരുദ്ധമായിട്ടു വരും ഇപ്പോം നാം ഇതു ഇവിടെ പാസ്സാക്കുകയാണെങ്കിൽ, അതു കൊണ്ടു ഇതു യാതൊരു കാരണവശാലും യൂണിയൻ ഗവണ്മെൻറിന്റെ കൺകറൻസി ല്ലാതെ....

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഒരു പോയിന്റു ഓഫ് ഓർഡർ. ഇതു ഇവിടെ അഡ്മിറ്റു ചെയ്തു കഴിഞ്ഞതല്ലേ ?

ശ്രീ. മത്തായി മാഞ്ഞൂരാൻ : അപ്പോം കൺകറൻറുലിസ്റ്റിൽ ഉള്ള വിഷയത്തെ സംബന്ധിച്ചുള്ളതാണ് ഒരു നിയമ നിർമ്മാണത്തിനു പകരം ഒരു മെമ്പറുടെ പ്രമേയത്തിൽക്കൂടി നിർദ്ദേശമായി ഇവിടെ വന്നിട്ടുള്ളതു്. ഇതിന്റെ അനന്തര നടപടി എന്താണ് ? പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യത്തിനു ഈ സഭയ്ക്കു നിയമനിർമ്മാണരൂപം കൊടുക്കുവാൻ അധികാരം ഉണ്ടോ ?

Shri K. M. George : He is repeating the same arguments....

Shri Mathai Manjooran : No, I shall sit down. Let him speak.

ഭരണഘടനയ്ക്കു ഒരു പ്രത്യേകതയുണ്ട്. ഇംപീച്ചുമെൻറു ഓഫ് പ്രസിഡണ്ടു് ഭരണഘടനാപരമായി അംഗീകരിച്ചിട്ടുള്ള കാര്യമാണ് സ്പീക്കറെ റിമൂവു ചെയ്യാനുള്ള അധികാരവും അംഗീകരിച്ചിട്ടുണ്ട് ഡെപ്യൂട്ടി സ്പീക്കറെ റിമൂവു ചെയ്യാനുള്ള അധികാരവും അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര മന്ത്രിമാരിലോ സംസ്ഥാന മന്ത്രിമാരിലോ ആരേയും മാറ്റാനുള്ള അധികാരം ഭരണഘടനാ പ്രകാരം അനങ്ങാത്ത കാര്യമാണ്. അങ്ങനെയുള്ള അടിസ്ഥാന കാര്യങ്ങളെപ്പറ്റി ആലോചിക്കാതെ ഈ വിഷയങ്ങളിലേയ്ക്കു കടക്കുവാൻ പ്രയാസം ഉണ്ട് ഇവിടെ അഴിമതി ആരു ചെയ്തു; എന്തഴിമതിയാണ് ചെയ്തിട്ടുള്ളതെന്നൊന്നും വ്യക്തമല്ല. അഴിമതിയെ സംബന്ധിച്ചു വ്യക്തമായ നിയമം ഉള്ളപ്പോം ഒരു കാര്യം ഓർക്കണം. പ്രസിഡണ്ടിനെ മാറ്റാനും സ്പീക്കറെ മാറ്റാനും ഡെപ്യൂട്ടി സ്പീക്കറെ മാറ്റാനും പരിപാടി പറഞ്ഞിട്ടുള്ള ഭരണഘടനയിൽ മുഖ്യമന്ത്രിയെ മാറ്റാൻ പാടില്ല എന്നു മാത്രമല്ല, മറ്റു മന്ത്രിമാരേയും മാറ്റാൻ പരിപാടിയില്ല മുഖ്യമന്ത്രിയെയും പ്രധാനമന്ത്രിയെയും, നിയോഗിക്കുന്നതു യഥാക്രമം ഗവർണറോ പ്രസിഡണ്ടോ ആണ്.

Shri K. Karunakaran : What is the relevancy ?

LIBRARY ARCHIVES Kerala Legislative Assembly

Shri Mathai Manjooran : These are all provocations. സർ,

പ്രധാനമന്ത്രിയേയോ മുഖ്യമന്ത്രിയേയോ നിയോഗിക്കുന്നതു പ്രസിഡണ്ടോ ഗവർണറോ ആണു്. പ്രധാനമന്ത്രിയോ മുഖ്യമന്ത്രിയോ മറ്റു മന്ത്രിമാരെ നിയോഗിക്കുന്നു. വിശദവ്യാപകമായിട്ട അംഗീകരിച്ചിട്ടുള്ള ഒരു തത്വം ആരാണോ നിയോഗിക്കുന്നതു അവർക്കു മാത്രമേ മാറ്റാൻ അവകാശം കൊടുത്തിട്ടുള്ളു എന്നാണു്. അതുകൊണ്ടു ഭരണഘടനയിൽ കൊടുത്തിട്ടുള്ള ഈ അധികാരത്തെ തൊട്ടുകളിക്കുവാൻ നിയമസഭയ്ക്കു് അവകാശമില്ല. ഭരണഘടനാപരമായി പ്രധാനമന്ത്രിയിലോ മുഖ്യമന്ത്രിയിലോ അധിഷ്ഠിതമായിട്ടുള്ള അധികാരത്തെ ചവുട്ടി തേയ്ക്കുന്നതിനോ ഈ രാജ്യത്തെ ജനങ്ങളുടെ മുമ്പിൽ തെരഞ്ഞെടുപ്പു കാലത്തു പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങളെ ഉല്ലംഘിച്ചുകൊണ്ടു ഐക്യമുന്നണിയിലെ ഘടകകക്ഷികൾതന്നെ അതിനു മുതിർന്നാലോ അതു സമ്മതിച്ചുകൊടുക്കുവാൻ സാധ്യമല്ല. ഐക്യമുന്നണിയിലെ ഘടകകക്ഷികൾ ഭരണതാല്പര്യത്തിനെതിരായി ഈ പ്രമേയത്തെ അനുകൂലിച്ചു വോട്ടു ചെയ്യുമെന്നു് സമ്മതിച്ചിരിക്കുന്നതായി ഹിന്ദു തുടങ്ങിയ പത്രങ്ങളിൽ എഴുതിയിട്ടുണ്ടു്. അതുകൊണ്ടു് ഭരണഘടനാപരമായ സ്തംഭനം പലപ്പോഴും പ്രതീക്ഷിക്കാത്ത സംഭവവികാസങ്ങൾക്കു.....

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഓ.....ഓ.....

Shri Mathai Manjooran : Please keep quiet. I don't like howlings. I am on my legs. Don't threaten me. Keep quiet.

ഭരണഘടനാപരമായ കാര്യങ്ങളെപ്പറ്റി പറയുമ്പോൾ കുറുക്കന്മാർ ഓലിയിടുന്ന സംപ്രദായം പ്രതിപക്ഷം സ്വീകരിച്ചാൽ–ഈ രാജ്യത്തെ സമാധാനം തകരുന്നെങ്കിൽ ആരാണു് അതിനുത്തരവാദി ? സർ, ഇതു തുടരാൻ ഞങ്ങളും അനുവദിക്കുകയില്ല. ആരായാലും അവരുടെ കഴുത്തുകുത്തി പുറത്താക്കുക. അതുകൊണ്ടു മുഖ്യമന്ത്രിയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വലിച്ചു പറിക്കുന്നതിനുവേണ്ടി കപടമായും ക്രൂരമായും അച്ചടക്കരഹിതമായും നടത്തുന്ന ഈ അന്യായ പ്രവർത്തനങ്ങളെ തടയുന്നതിനുവേണ്ടി ഈ പ്രമേയം അവതരിപ്പിക്കുവാൻ പാടില്ല എന്നു ഞാൻ ഉന്നയിച്ചിട്ടുള്ള ഓരോ അവകാശങ്ങൾക്കും വ്യക്തമായ വിധിന്യായം വേണമെന്നു വിനീതമായി അഭ്യർത്ഥിക്കുകയാണു്.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) : സർ, ഭരണഘടനാപരമായ വാദപ്രതിവാദങ്ങൾ ഇനിയും ഉന്നയിക്കുന്ന ലക്ഷണം കാണുന്നതുകൊണ്ടു് ലോകസഭയിൽ നൽകിയ ഒരു വ്യക്തിഗിലേക്കു് സഭയുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിലേക്കു് എന്നെ അനുവദിക്കണമെന്നു് അപേക്ഷിക്കുകയാണു്. ഭരണഘടനാപരമായ കാര്യങ്ങളെക്കുറിച്ചു് ബഹുമാനപ്പെട്ട ചെയർ എങ്ങനെയാണു് തീരുമാനിക്കേണ്ടതു് എന്നതിനു മാർഗ്ഗദർശകമായി ലോകസഭയിൽ പറഞ്ഞിട്ടുള്ളതു് ഞാൻ വായിക്കാം.

"On 7th September, 1962, a member Shri Raghunath Singh moved a resolution regarding ban on communal organisations. Another member Shri Syed Badruddija raised a point of order that the resolution was repugnant to the spirit of the Constitution, and as such it could not be allowed to be moved on the floor of the house. The Speaker ruling out the point of order observed...." Sir, I was present in the house when the ruling was given. Sardar Hukkum Singh was the Speaker then who gave the ruling— "...merely by expressing an opinion on a particular subject there ought not to be any apprehension that automatically that ban is placed on the communal organisation. Those points will have to be seen by Government whether it is constitutional or not., what would be the reactions of the

LIBRARY ARCHIVES Kerala Legislative Assembly

public and so on. All these things should be seen. By discussing this resolution, it would only be expressing an opinion. In the past also I have expressed the opinion that this House is free to discuss and even to debate resolutions or to pass bills which may be against the Constitution itself. That is for the courts to decide what is ultra vires and what is intra vires.

ശ്രീ. ബേബിജോൺ : സർ, ഒരാൾ ഒരു പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്തിരിക്കുകയാണ്. അതിനൊരു റൂളിംഗ് നൽകുന്നതിനു മുമ്പു വേറൊരു പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്യുന്നതു് ഓർഡറിലാണോ ?

Shri. C. B. Chandrasekhara Warrier : I wish to submit one point, before the Chair gives a ruling on the point raised by the hon. Labour Minister. Rule 117 says: In order that a resolution may be admissible it shall satisfy the following conditions, namely :

It shall be clearly and precisely expressed and shall raise substantially one definite issue ;

"കേരള പബ്ലിക്ക് മെൻ (ഇൻകുയറീസ്) ബിൽ നിയമമാകുന്നതുവരെയുള്ള കാലത്തേക്ക് അഴിമതി ആരോപണങ്ങളെക്കുറിച്ചന്വേഷിക്കുവാൻ ഒരു ഇടക്കാല മെഷീനറി രൂപീകരിക്കേണ്ടതാണെന്ന് ഈ സഭ തീരുമാനിക്കുന്നു". എന്നാണ് ഇവിടെ അവതരിപ്പിക്കാൻ വേണ്ടി കൊടുത്തിരിക്കുന്ന പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു്. സർ, ഇതു് അവ്യക്തവും അതുപോലെതന്നെ ഒരു തരത്തിലും നടപ്പിലാക്കുവാൻ സാധിക്കാത്തതുമാണ്. ഇവിടെ അഴിമതിയാരോപണം ആരെ സംബന്ധിച്ചാണ് ഉന്നയിക്കുന്നതെന്നു് വ്യക്തമല്ല, എന്താണ് അഴിമതിയാരോപണമായി കൊണ്ടുവരുന്നതെന്നു് വ്യക്തമല്ല. ഏതു് ബോഡിയെയാണ് അഴിമതിയുണ്ടെന്നു് നിശ്ചയിക്കുന്നതിനുവേണ്ടി നിയമിക്കേണ്ടതെന്നു് വ്യക്തമല്ല, റൂൾസ് ഓഫ് പ്രൊസീഡിയറിലെ 117 (എ) അനുസരിച്ച് ഈ റസലൂഷൻ ക്ലിയറല്ല, പ്രിസൈസ്‌ലി അല്ല, നടപ്പിലാക്കത്തക്കവണ്ണം വ്യക്തമല്ല. അതുകൊണ്ടു് റൂളിനു് വിപരീതമായി ഈ റസലൂഷൻ യാതൊരു കാരണവശാലും അഡ്മിസിബിളല്ലയെന്നാണ് എനിക്ക് പറയുവാനുള്ളതു്.

ബഹുമാനപ്പെട്ട തൊഴിൽമന്ത്രി ചൂണ്ടിക്കാണിച്ച ഒന്നുരണ്ടു പോയിൻറുകളും ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ അവതരിപ്പിക്കാൻപോകുന്ന പ്രമേയത്തിൽ ആരുടെ പേരിലുള്ള അഴിമതിയാരോപണങ്ങളെക്കുറിച്ചാണ് അന്വേഷിക്കുന്നതെന്നും, എന്തു് അഴിമതിയാണ് ഉള്ളതെന്നും ഒന്നുംതന്നെ പറഞ്ഞിട്ടില്ല. മാത്രമല്ല ഈ പ്രമേയം അവതരിപ്പിക്കുകയാണെങ്കിൽ അതിൽ ഈ മന്ത്രിസഭയിലെ ഒന്നുരണ്ടു മന്ത്രിമാരെക്കുറിച്ചു് നിയമസഭയിൽ ഉന്നയിച്ച അഴിമതിയാരോപണങ്ങളെക്കുറിച്ചു് അന്വേഷിക്കാനെന്നുള്ള നിലയിൽ ഒന്നുരണ്ടു ഭേദഗതികളും കൊടുത്തിട്ടുണ്ടു്. ഏതു നിലവെച്ചുനോക്കിയാലും ഈ പ്രമേയം അവതരിപ്പിക്കാൻ സാദ്ധ്യമല്ലാത്തതാണു്. ഇന്നു് നമ്മുടെ സംസ്ഥാനത്തു് അഴിമതിയാരോപണങ്ങളെക്കുറിച്ചു് അന്വേഷിക്കുന്നതിനു് ആവശ്യമായ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ട് 1947 നിലവിലുണ്ടു്. അതനുസരിച്ചു് വേണ്ട നടപടികളാണ് എടുക്കാവുന്നതാണു്.

Shri K. Mahabala Bandari : Whether public men will also come under the definition of that Act.

ശ്രീ സി. ബി. ചന്ദ്രശേഖരവാര്യർ : അതിലേക്കു് ഞാൻ വരികയാണു്. സുപ്രീംകോടതിയിൽ ഇതിനെപ്പറ്റി 1948-ൽ രാമശിവബഹദൂർസിംഗിൻറെ കേസ്സിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. അതിൽ പറഞ്ഞിട്ടുള്ളതു് Section 21 of the I. P. C. quotes that every officer in the service or pay of the Government or remunerated by fees or commission for the performance of any

LIBRARY ARCHIVES Kerala Legislative Assembly

public duty. That will include State Ministers and Central Ministers also. എന്നാണ്. മന്ത്രിമാരുടെയും മറ്റും പേരിൽ നടപടികളെടുക്കുന്നതിനു് ഒരു മെഷീനറിയാണു് ആവശ്യമെങ്കിൽ ക്രിമിനൽ ലാ അമെൻറുമെൻറു ആക്ടു് 46 ഓഫ് 1952–ലെ സെക്ഷൻ 6അനുസരിച്ചും പ്രിവൻഷൻ ആഫ് കറപ്ഷൻ ആക്ടു് 1947 അനുസരിച്ചും ഇപ്പോഴുതന്നെ വ്യവസ്ഥകളുണ്ടു്. അങ്ങനെ ആവശ്യമായ വ്യവസ്ഥകളും ഇപ്പോഴുംതന്നെ നിലവിലിരിക്കേ അതിനു് വ്യത്യസ്തമായ രീതിയിലുള്ള ഒരു റസലൂഷൻ മൂലം ഒരു മെഷീനറി ഉണ്ടാക്കണമെന്നു് പറഞ്ഞാൽ അതു് ശരിയായിരിക്കുകയില്ല. അതേസമയം നമുക്കു് ഏതെങ്കിലും ഒരു മെഷീനറി ഇപ്പോൾ ആവശ്യമാണെന്നുണ്ടെങ്കിൽ പ്രിവൻഷൻ ആഫ് കറപ്ഷൻ ആക്ടിനു് ഒരു ഭേദഗതിയായിട്ടു് കൊണ്ടുവരേണ്ടതാണു്. അങ്ങനെ ഭേദഗതി വരുത്താനുള്ള അവകാശം ഉണ്ടു്. അതിനു് പ്രസിഡൻറിൻെറ അസൻറു് ലഭിക്കേണ്ടതുണ്ടു്. ഇവിടെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടു് ഉണ്ടു്. അതിലെ സെക്ഷൻ 3 അനുസരിച്ചുള്ള ഒരു റസലൂഷൻ ആണു് ഇവിടെ കൊണ്ടുവന്നിരുന്നതെങ്കിലും അനുവദിക്കാമായിരുന്നു. Section 6 of the Criminal Law Amendment Act states. "The State Government may by notification in the official Gazette appoint as many special judges as may be necessary for such area or areas as may be specified in the notification to try the following offences, namely;....." ഞാൻ പറഞ്ഞുവരുന്നതു് പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടനുസരിച്ചു് ഇൻഡ്യയൊട്ടാകെ നിലവിലുള്ള സംസ്ഥാനങ്ങൾക്കു് ബാധകമായ ക്രിമിനൽ ലിസ്റ്റിലുള്ള സബ്ജക്ടിനെ സംബന്ധിച്ചു് സംപൂർണ്ണമായ കോഡിനാവശ്യമായ വ്യവസ്ഥകൾക്കു് വ്യത്യസ്തമായി റസലൂഷൻ മൂലം ഒരു മെഷീനറി ഉണ്ടാക്കുന്നുമെന്നു് പറഞ്ഞാൽ that will be repugnant to the Union law. Anything repugnant to the Union law cannot be considered and discussed here. അതേസമയം ഇങ്ങനെ ഏതെങ്കിലും ഒരു മെഷീനറി ആവശ്യമാണെന്നു തോന്നിയാൽ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിനു് ഭേദഗതിയായിട്ടു് വരുത്തേണ്ടതായിട്ടുണ്ടു്. അങ്ങനെ ഭേദഗതി വരുത്താനുള്ള അവകാശം ഉണ്ടു്. അതു് ബില്ലിൻെറ രൂപത്തിലാണു് വരേണ്ടതു്. അതിനു് പ്രസിഡൻറിൻെറ കൺകറൻസു് ലഭിക്കേണ്ടതാവശ്യമാണു്. അതുപോലെതന്നെ കമ്മീഷൻ ഓഫ് ഇൻക്വയറീസ് ആക്ടുണ്ടു്. അതിലെ സെക്ഷൻ 3 അനുസരിച്ചു് ഈ റസലൂഷൻ കൊണ്ടുവന്നിരുന്നുവെങ്കിലും അനുവദിക്കാമായിരുന്നു. എന്നാൽ ഇതു് അങ്ങനെയല്ല കൊണ്ടുവന്നിട്ടുള്ളതു്. കമ്മീഷൻ ഓഫ് ഇൻക്വയറീസ് ആക്ടിലെ സെക്ഷൻ 3–ൽ പറയുന്നതു്. The appropriate Government may, if it is of opinion that it is necessary so to do and shall if a resolution in this behalf is passed by the House of the people or as the case may, be, the Legislative Assembly of the State by notification in the Official Gazette appoint a Commission of Inquiry for the purpose of making an inquiry into any definite matter of public importance and performing such functions and within such time as may be specified in the notification, and the Commission so appointed shall make the enquiry and perform the functions accordingly എന്നാണു്. കമ്മീഷൻ ഓഫ് ഇൻക്വയറീസ് ആക്ടിലെ സെക്ഷൻ 3 അനുസരിച്ചാണു് ഈ റസലൂഷൻ കൊണ്ടുവന്നിരുന്നതെങ്കിൽ അതു് അഡ്മിറ്റു ചെയ്യുന്നതിനും പാസാക്കുന്നതിനുംനിയമസഭക്കു് അവകാശമുണ്ടു്. ഒരു റസലൂഷൻ ഇവിടെ കൊണ്ടുവന്നു് അവതരിപ്പിക്കുന്നുമെങ്കിൽ അതു് പാസാക്കിയാൽ നടപ്പിലാക്കാൻ കഴിയുന്നതായിരിക്കണം, നിയമപരമായി നടപ്പിലാക്കുന്നതിനു് സംപൂർണ്ണമായിരിക്കണം. അങ്ങനെയൊരു റസലൂഷൻ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും പാസാക്കുകയും ചെയ്യുന്നുമെന്നു പറഞ്ഞാൽ അതു് പാസാക്കുന്നതിനുപരിയായി ഞങ്ങൾക്കു് യാതൊരു എതിർപ്പുമില്ല. പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടനുസരിച്ചോ, കമ്മീഷൻ ഓഫ് ഇൻക്വയറീസ് ആക്ടനുസരിച്ചോ, റൂൾസ് ഓഫ് പ്രൊസീഡിയ

LIBRARY ARCHIVES Kerala Legislative Assembly

റിലെ 117 (എ) അനുസരിച്ചോ ഈ റസലൂഷൻ യാതൊരു കാരണവശാലും അനുവദി ക്കാൻ പാടില്ല, ഇവിടെ അവതരിപ്പിക്കാൻ പാടില്ലെന്നാണു് എനിക്കു് പറയുവാ നുള്ളതു്. ഇതു് ഒരിക്കലും ഇവിടെ അവതരിപ്പിക്കാൻ അനുവദിക്കരുതെന്നാണു് എനിക്കു് ചെയറിനോടു് ആവശ്യപ്പെടാനുള്ളതു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : വിദ്യാഭ്യാസമന്ത്രി ഉന്നയിച്ച ഒരു പോയിൻറിനെ പ്പററി എനിക്കു് ഒരു വിശദീകരണം നൽകാനുണ്ടു്. അതിനാവശ്യമായ സമയം അനുവദിച്ചുതരണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : നിയമവിദഗ്ധന്മാരുടെ അഭിപ്രായം പറ യട്ടെ അതു് കഴിഞ്ഞിട്ടു് വിദ്യാഭ്യാസ വിദഗ്ധർ അഭിപ്രായം പറയുന്നതല്ലേ നല്ലതു് ?

റവന്യുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): ''കേരള പബ്ലിക്കു്മെൻ (ഇൻകമ്പ യീസു്) ബിൽ നിയമമാകുന്നതു വരെയുള്ള കാലത്തേക്കു് അഴിമതി ആരോപണ ങ്ങളെക്കുറിച്ചു് അന്വേഷിക്കുവാൻ ഒരു ഇടക്കാലമെഷീനറി രൂപീകരിക്കേണ്ടതാ ണെന്നു് ഈ സഭ തീരുമാനിക്കുന്നു.''

സർ, ഇതാണു് ഇവിടെ അവതരിപ്പിക്കാൻവേണ്ടി കൊടുത്തിരിക്കുന്ന പ്രമേയം. ഈ നിയമസഭയിൽ പ്രമേയം കൊണ്ടുവരുന്നതിൽ ചില മാനദണ്ഡങ്ങളെല്ലാം ഉണ്ടു്. ഒരു പ്രമേയം നിയമസഭയിൽ അവതരിപ്പിക്കുന്നതിനെപ്പററി റൂംസു് ഓഫു് പ്രൊസീഡിയറിൽ പറയുന്നുണ്ടു്. റൂംസു് ഓഫു് പ്രൊസീഡിയറിന്റെ 115-ാം വകുപ്പിൽ പറയുന്നതു് ഞാൻ വായിക്കാം:—

> A resolution may be in the form of a declaration of opinion, or recommendation or may be in the form so as to record either approval or disapproval by the Assembly of an act or policy of Government, or convey a message; or commend, urge or request an action; or call attention to a matter or situation for consideration by Government or in such other form as the Speaker may consider appropriate.

ഈ പ്രമേയം 115 റൂം അനുസരിച്ചാണോ എന്നു പരിശോധിക്കാം. അല്ല എന്നാണു് എന്റെ അഭിപ്രായം. It must be a declaration of opinion. പ്രമേയം സഭയുടെ അഭിപ്രായമായിട്ടല്ല എഴുതിയിട്ടുള്ളതു്. റൂളിൽ പറഞ്ഞിട്ടുള്ളതു് 'or recommend tion' എന്നാണു്. അതായതു്, റെക്കമെൻറു ചെയ്യാനേ പാടുള്ളൂ. എന്നാൽ ഈ റസലൂഷനിൽ പറഞ്ഞിരിക്കുന്നതു് ''ഈ സഭ തീരുമാനിക്കുന്നു''വെന്നാണു്. അതു് 'mandatory' ആണു്. പിന്നെ ഗവണ്മെൻറു ചെയ്യുന്ന പ്രവൃത്തിയേയോ നയത്തെയോ സംബന്ധിച്ച സഭയുടെ സംതൃപ്തിയോ അസംതൃപ്തിയോ രേഖപ്പെടുത്തു ന്നതായിട്ടുമില്ല. ഇതിൽ അനുകൂലിക്കുന്നുവെന്നോ പ്രതികൂലിക്കുന്നുവെന്നോ പറയു ന്നില്ല. അതായതു് ''record either approval or disapproval of an act or policy of Government.'' അതുമല്ല. പിന്നെ ഇതിൽ ''to request an action'' എന്നതും ഇല്ല. പ്രമേയത്തിൽ ''ഈ സഭ തീരുമാനിക്കുന്നു'' എന്നാണു് പറയുന്നതു്. റൂം അനുസരിച്ചു് നോക്കുകയാണെങ്കിൽ ഈ പ്രമേയം സഭയിൽ അവതരിപ്പിക്കുന്നതു് നിഷിദ്ധമാണു്, ഓർഡറിലല്ലാത്തതാണു്. Conditions of admissibilty നോക്കാം. റൂം 117 അനുസരിച്ചല്ല ഈ പ്രമേയം. (*a*) It shall be clearly and precisely expressed and shall have substantially one definite issue. പ്രമേയത്തിൽ precise point-നു് definite issue ഇല്ല. ശ്രീ. ചന്ദ്രശേഖരവാരിയർ അതിനെപ്പററി കൂടുതൽ സംസാരിച്ചതുകൊണ്ടു് ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. പ്രമേയം ആർഡറിലല്ല. അഡ്മിറു ചെയ്യത്തക്കതല്ല.

സർ, ഇതെല്ലാം പറയുമ്പോൾ ദീർഘമായി സംസാരിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നില്ല. ഈ റസലൂഷൻ നിയമസഭ അംഗീകരിക്കുകയാണെങ്കിൽ എന്താ യിരിക്കും ഫലം? പലരും ഈ സഭയ്ക്കകത്തും പുറത്തും പറയുന്നതു കേട്ടാൽ തോന്നും

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നാട്ടിൽ അഴിമതി അന്വേഷണത്തിനാവശ്യമായ മെഷീനറിയോ നിയമമോ ഇല്ലെന്നു. പക്ഷെ അതു ശരിയല്ല. 1958-ലെ കമ്മീഷൻ ഓഫ് ഇൻക്വയറീസ് ആക്റ്റിലെ 3-ാം വകുപ്പനുസരിച്ച് ആവശ്യമായ നടപടികളെടുക്കാമെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിൽ വ്യക്തമായി ഗവണ്മെൻറിനു് ഇന്നതുപോലെ ചെയ്യാമെന്നു പറഞ്ഞിട്ടുണ്ട്. ഇവിടെ ചിലർ ഇതിനു കൊടുത്തിരിക്കുന്ന അമെൻറുമെൻറുകളെപ്പറ്റി പറയുന്നതു കേട്ടു. അമെൻറുമെൻറുകളെപ്പറ്റിപ്പറയുന്നതു് പ്രമേയം admit ചെയ്യുന്നതിനാണോ എന്നു നോക്കിയതിനു ശേഷമാണു്. പ്രമേയം admit ചെയ്യുന്നതല്ലെങ്കിൽ move ചെയ്യാൻ ഒരുകയില്ലെങ്കിൽ amendment-ൻറെ question ഇല്ല. പ്രമേയം move ചെയ്താലേ ഭേഗതി move ചെയ്യാൻ ഒക്കുകയുള്ളു. കമ്മീഷൻ ഓഫ് ഇൻക്വയറീസ് ആക്റ്റു് ഒരു സെൻട്രൽ ആക്റ്റാണു്. അതിൽ പറഞ്ഞിരിക്കുന്ന രീതിയിലല്ലാതെ ഒരു ഇടക്കാലമെഷീനറി വേണമെന്നുണ്ടെങ്കിൽ ആ ആക്റ്റിൽ ഭേഗതി വരുത്തണം. സെൻട്രൽ ആക്റ്റിൽ ഭേഗതി വരുത്തണമെങ്കിൽ ഒരു ഒസ്സറു നിയമസഭയിൽ ഒരു റസലൂഷൻ കൊണ്ടുവന്നു് പാസ്സാക്കിയാൽ പോരാ. Bill ആയി വേണം, Central Act-നു ഭേഗതി Parliament-ൽ വേണം കൊണ്ടുവരാൻ. Concurrent subject ആയതിനാൽ നമുക്കു legislate ചെയ്യാം. Legislation Bill ആണു്. Resolution അല്ല. Resolution അവതരിപ്പിക്കാനോ ചർച്ച ചെയ്യാനോ പാസ്സാക്കാനോ പാടില്ല. ഈ നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കുകയാണെങ്കിൽ, അതു് നടപ്പിലാക്കണം. നടപ്പിലാക്കാൻ സാധിക്കാത്ത ഒരു പ്രമേയം ഈ നിയമസഭ പാസ്സാക്കുകയാണെങ്കിൽ, ഇനി നിയമസഭയിൽ പ്രമേയങ്ങളും വെറുതെ പാസ്സാക്കുകയാണെന്നുള്ള ഒരു ധാരണ വരും. ഇവിടെ ഇപ്പോഴത്തന്നെ അഴിമതിയാരോപണങ്ങളെക്കുറിച്ചു് അന്വേഷിക്കുന്നതിനും നടപടി കൈം നടത്തുന്നതിനും ആവശ്യമായ ഒരു നിയമനിർമ്മാണം നമ്മുടെ മുമ്പിലിരിക്കുകയാണു്. ഇവിടെ ചിലയാളുകൾ വിചാരിച്ചിട്ടുണ്ടു് ആ നിയമം ഇവിടെ പാസ്സാക്കുകയില്ലെന്നും നടപ്പിലാക്കുകയില്ലെന്നും. അതു് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ദിവസം സുപ്രീം കോടതിയിലെ വിധികൾ ഇവിടെ ഉദ്ധരിച്ചുപറഞ്ഞു, അതു കൊണ്ടു് ഈ ബില്ലിൻറെ ആവശ്യമില്ലെന്നും, അതിവിടെ വരികയില്ലെന്നും, ആ ബില്ലിൽ എം. എൽ. എ. മാരെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളുവെന്നുമെല്ലാം പറഞ്ഞുവെന്നു് ശ്രീ. കെ.എം. ജോർജ്ജു മറേറാ ഇവിടെ പറയുകയുണ്ടായി. എനിക്കു് അതേപ്പറ്റി ഒന്നും അറിഞ്ഞുകൂടാ. ഞാൻ ആ ബില്ലിൻറെ സെലക്റ്റു കമ്മിറ്റിയിൽ അംഗമൊന്നുമല്ല. എന്തായാലും പബ്ലിക്കു മെൻ എൻക്വയറീസു് ബിൽ ഇവിടെ വരികയില്ലെന്നും പാസ്സാക്കുകയില്ലെന്നും നടപ്പിലാക്കുകയില്ലെന്നും ഉള്ള ധാരണ ആർക്കെങ്കിലും ഉണ്ടെങ്കിൽ അതു് തെറ്റാണെന്നാണു് എനിക്കു് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുവാനുള്ളതു്. ഒരു നിയമം ഭേഗതി ചെയ്യുന്നമെന്നുണ്ടെങ്കിൽ അതിനു് ചില കീഴ്വഴക്കങ്ങളും തത്വങ്ങളുമെല്ലാം ഉണ്ടു്. ഒരു സെൻട്രൽ ആക്റ്റു് ഭേഗതി ചെയ്യുന്നമെന്നുണ്ടെങ്കിൽ അതു് ഒരു ബില്ലിൻറെ രൂപേണ നിയമസഭയിൽ കൊണ്ടുവന്നു് അവതരിപ്പിച്ചു് പ്രസിഡൻറിൻറെ അസൻറു് വാങ്ങിക്കണം. രണ്ടാമതു്, ഇടക്കാലമെഷീനറിയെ സംബന്ധിച്ചു പറയുന്നുണ്ടു്. ഏതു് ആക്റ്റു വച്ചുകൊണ്ടു് ഇടക്കാലമെഷീനറി രൂപീകരിക്കും? ഇടക്കാലമെഷീനറി രൂപീകരിക്കുന്നതിനെ സംബന്ധിച്ചു് ഘടകകക്ഷികളിൽത്തന്നെ വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടു്. നിയമസഭയിലെ എല്ലാ പാർട്ടികളിലെയും അംഗങ്ങളും ഉൾക്കൊള്ളുന്ന കമ്മിറ്റി വേണമെന്നുള്ള അഭിപ്രായമുണ്ടു്. അതല്ല, ഒരു ജഡ്ജിതന്നെ മതിയെന്നുള്ള അഭിപ്രായമുണ്ടു്. അതിനു പുറമേ ക്യാബിനറ്റു് സബ് കമ്മിറ്റി വേണമെന്നുള്ള അഭിപ്രായമുണ്ടു്. ഇങ്ങനെ പല അഭിപ്രായങ്ങളും ഘടകകക്ഷികൾക്കിടയിൽത്തന്നെയുണ്ടു്. ഈ ഗവണ്മെൻറു് പല കക്ഷികളും ചേർന്ന ഒരു ഗവണ്മെൻറാണു്. ഇതിനെ സംബന്ധിച്ചു് വിവിധ ഘടകപാർട്ടികളുമായി ആലോചിച്ചു് എന്തു മെഷീനറി വേണമെന്നു ഗവണ്മെൻറു തീരുമാനിക്കുന്നതിനു മുൻപു്, ഈ നിയമം പാസ്സാക്കുന്നതിനു മുൻപു്, പ്രത്യേകിച്ചു് നിയമസഭ ഇതിനെപ്പറ്റി തീരുമാനം എടുക്കുന്നതിനു മുൻപു്. ഇങ്ങനെയൊരു 'ശാസനം' കൊടുക്കുന്നതു ശരി

LIBRARY ARCHIVES Kerala Legislative Assembly

യല്ല. ഗവണ്മെൻറ് ഇതേക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഇതിനുവേണ്ടി എല്ലാ കമ്മിറ്റി ഉണ്ടാക്കണമെന്നുള്ള കാര്യം ഗവണ്മെൻറ് ആലോചിക്കുന്നുണ്ട്. അതിൻറെ അടിസ്ഥാനത്തിൽ പബ്ലിക്ക് റെൻ എൻകയറീസ് ബിൽ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്, ഇവിടെ ഉന്നയിച്ച എല്ലാ അഴിമതി ആരോപണങ്ങളെപ്പറ്റിയും ആ ബില്ലിൻറെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും ചെയ്യും. ഇതു പറയുമ്പോഴും ചിലർക്ക് ഒരു ധാരണയുണ്ടാകും. ഈ രാജ്യത്തുണ്ടാകുന്ന അഴിമതി ആരോപണങ്ങളെപ്പറ്റി, മന്ത്രിമാരുടെ പേരിലായാലും, അന്വേഷണം നടത്തുകയില്ലെന്ന ധാരണയുണ്ടാകും. അതു ശരിയല്ല. അഴിമതി ആരോപണങ്ങളെക്കുറിച്ചാണും അന്വേഷിക്കുകയില്ലെന്ന് ആരും വിചാരിക്കേണ്ട. അന്വേഷിക്കും. ആ അന്വേഷണം ഇന്നുള്ള പ്രൊസീഡിയർ അനുസരിച്ചേ ചെയ്യാൻ പാടുകയുള്ളൂ, ആരെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെന്നു തോന്നുകയാണെങ്കിൽ കമ്മിഷൻ, ആക്ട് എൻകയറീസ് ആക്ടനുസരിച്ച് ഒരു ജഡ്ജിയുടെ സ്ഥാനത്തുള്ള ഒരാളെയോ, ആ സ്ഥാനം വഹിക്കാൻ കപ്പാളിഫൈഡായിട്ടുള്ള ആളുകളെ വച്ചുകൊണ്ട് അതേപ്പറ്റി അന്വേഷിക്കുന്നതിനുള്ള വ്യവസ്ഥ ഇന്നു നിലവിലുള്ള നിയമങ്ങളിലുണ്ട്. ഇതാണ് ഇന്നത്തെ നിലയിലുള്ള മെഷിനറി. ആ മെഷിനറി മാറണമെങ്കിൽ, ഒരു പ്രമേയം കൊണ്ട് ഇതുപോലൊരു തീരുമാനമെടുത്താൽ സാധിക്കുകയില്ല. ഈ പ്രമേയം പാസ്സാക്കിയിട്ട്, ഈ ഗവണ്മെൻറ് നടപ്പിലാക്കിയില്ല എന്നു വരുത്തിത്തീർക്കാനാണെങ്കിൽ പറയും; നടപ്പാക്കണമെന്നാണെങ്കിൽ ഈ പ്രമേയം ആവശ്യമില്ല. നിലവിലുള്ള act-നു് repayment ആണു്. അതുകൊണ്ട് ഇതു നടപ്പാക്കാൻ സാധിക്കാത്ത ഒരു പ്രമേയമാണ്. ഇന്നത്തെ നിയമത്തിനുള്ള ഒരു അപ്പെൻറുമെൻറ് എന്നുള്ള നിലയിൽ കൊണ്ടുവരാതെ ഒരു പ്രമേയം എന്നുള്ള നിലയിൽ കൊണ്ടുവന്നാൽ അതു് തെറ്റാണു്; രേണുഘടനയ്ക്കുതിരാണു്, ആലോചിക്കാൻ പാടില്ലാത്ത സംഗതിയാണു്. ഇന്നത്തെ നിലയിൽ മന്ത്രിമാരുടെ പേരിലുണ്ടായ ആരോപണങ്ങളെപ്പറ്റി പ്രിവൻഷൻ ആഫ് കറപ്ഷൻ ആക്ടനുസരിച്ച് അന്വേഷിക്കും. അതുപോലെ ഉയർന്നുവന്നിട്ടുള്ള എല്ലാ ആരോപണങ്ങളെപ്പറ്റിയും നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് അന്വേഷിക്കും. ഉത്തരവാദിത്വമുള്ള ഈ നിയമസഭ അപ്രായോഗികമായിട്ടുള്ള, നടപ്പാക്കാൻ സാധിക്കാത്ത ഒരു പ്രമേയം പാസ്സാക്കിയിട്ട് തിരികെ നിയമസഭയിലേക്കു നടപ്പാക്കാൻ സാധിക്കുകയില്ല എന്നു റിപ്പോർട്ട ചെയ്യത്തക്ക awkward situation-ലേയ്ക്കു് ഗവണ്മെൻറിനെ കൊണ്ടുചെന്നു് എത്തിക്കരുതെന്നു ഞാൻ പറയുകയാണു്. അതുകൊണ്ട് അങ്ങു് ഈ പ്രമേയത്തിനു് അനുമതി നൽകരുതു്. സീരിയസായിട്ടുള്ള രേണുഘടനാ പോയിൻറുകൾ ഇതിൽ അടങ്ങിയിട്ടുണ്ട്.

ഐക്യമുന്നണി ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ജനോപകാരപ്രദമായിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനു വേണ്ടിയിട്ടുള്ള നിയമനിർമ്മാണനടപടികൾ എടുത്തുകൊണ്ടിരിക്കുന്ന കാലമാണു്. കാർഷികപരിഷ്കരണബിൽ മുൻപു് ഒരു മണിക്കൂറിനു മുൻപു് നാം ഇവിടെ ചർച്ച ചെയ്തതാണു്. ഈ രാജ്യത്തിലെ ജനങ്ങളെ മുഴുവൻ ബാധിക്കുന്നതും, നമ്മുടെ സംസ്ഥാനത്തിൻറെ സാമ്പത്തികപുനഃസംവിധാനത്തിൻറെ അടിത്തറ കെട്ടിപ്പടുക്കുന്നതും 80 ശതമാനം വരുന്ന കർഷകത്തൊഴിലാളികളുടെയും കർഷകരുടെയും ജീവിതത്തിൽ സാരമായ വ്യത്യാസം വരുന്നതും 1947-നു മുൻപേ തന്നെ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതുമായ കാര്യങ്ങളും നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടി എന്ന നിലയിൽ ഈ നിയമനിർമ്മാണം നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണു്.

ശ്രീ. കെ. എം. ജോർജ്ജ്: ഇതൊക്കെ പറയുന്നതിനു് ഇപ്പോൾ എന്താണു് പ്രസക്തി?

ശ്രീമതി കെ. ആർ. ഗൗരി: ഇതിനൊരു തീരുമാനമെടുക്കുന്നതിനു് മുൻപു് സ്പീക്കർ എന്നോടു് ഈ പ്രശ്നം ചോദിച്ചതുകൊണ്ടാണു് ഞാൻ ഈ കാര്യങ്ങളും പറയുന്നതു്. ഞാൻ സംസാരിക്കുമ്പോൾ പ്രസക്തി മനസ്സിലാകും.

LIBRARY ARCHIVES Kerala Legislative Assembly

ഈ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളെ ബാധിക്കുന്നതായ ഇതുപോലുള്ള നിയമനിർമ്മാണനടപടികളും ഈ ഗവണ്മെൻറ് സ്വീകരിച്ചുവരികയാണു്. മുൻപു് ഇവിടെ സംസാരിച്ചപ്പോഴും ശ്രീ. സി. എസ്. നീലകണ്ഠൻനായർ പറഞ്ഞു, ഇവിടെ ഒരു പാരമ്പര്യം കാൺഗ്രസ്സിനുണ്ടെന്നു്. 1954-ലെയും 1955-ലെയും 1957-ലെയും മന്ത്രിസഭകളെ കാർഷികപരിഷ്ക്കരണ നടപടികളും സ്വീകരിച്ച എന്ന ഒരൊറ്റ ക്കാരണത്തിൻറെ പേരിൽ തകിടം മറിച്ച കാര്യം നമുക്കറിയാം. അതുപോലെ തന്നെ 1955-ലെ കാൺഗ്രസ്സു് മന്ത്രിസഭയേയും തകിടം മറിച്ചു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അതിൻറെ രക്തസാക്ഷിയാണു്. ഇന്ദിരാ ഗാന്ധിയുടെ ഗവ ണ്മെൻറു് Bank Nationalisation-ൻറെ പേരിൽ ഇന്നു് പ്രതിസന്ധിയെ നേരിടുക യാണു്. ഇന്ദിരാഗാന്ധിക്കെതിരായി ഒരു അവിശ്വാസപ്രമേയം വരുന്നു എന്നു പറ യുന്നതു കേട്ടു. നമ്മെ സംബന്ധിച്ചു്, ഐക്യമുന്നണിയെ സംബന്ധിച്ചു്, നാം ഇന്നു ഒരു പ്രതിസന്ധിയെ നേരിടുകയാണു്. അതിനെ നാം ഒന്നിച്ചുനിന്നു് എതിർക്കേണ്ട ഘട്ടം വന്നിരിക്കുകയാണു്.

ശ്രീ. കെ. കരുണാകരൻ: ഇതിൻറെ നിയമപരമായ വശത്തെക്കുറിച്ചു പറയു മ്പോൾ ഇവിടെ നടക്കുന്നതു് എന്താണു്?

ശ്രീമതി കെ. ആർ. ഗൗരി: ഈ പ്രമേയത്തിൻറെ നിയമപരമായ വശത്തെ ക്കുറിച്ചു പറഞ്ഞപ്പോഴും ഇതെല്ലാം പറഞ്ഞുപോയെന്നേയുള്ളൂ. നിങ്ങളെല്ലാംകൂടി പറയിപ്പിച്ചു. ഈ പ്രമേയം ഇവിടെ അവതരിപ്പിച്ച ചർച്ച ചെയ്യില്ലെങ്കിലും ഞാൻ സഭയ്ക്കു് ഉറപ്പു നൽകുകയാണു്, ഏതു മന്ത്രിയുടെ പേരിൽ അഴിമതി ആരോപണം വന്നാലും അതു് ഈ ഗവണ്മെൻറു് അന്വേഷിക്കുമെന്നു്. അന്വേഷിക്കുകയില്ലെന്നു് ആരും ധരിക്കേണ്ടാ. നിയമസഭയിൽ വന്നതായാലും അല്ലെങ്കിലും ഗവണ്മെൻറിനു ബോദ്ധ്യം വന്നാൽ Section 3—Commission of Enquiries Act Notify ചെയ്തു് അന്വേഷിക്കുന്നതാണു്. ഒരു മന്ത്രിയേയും അന്വേഷണത്തിൻറെ പരിധി യിൽനിന്നു വിട്ടുകയില്ല. അന്വേഷിക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടികളും എടുക്ക കയും ചെയ്യും. ചീഫ് മിനിസ്റ്റർ തന്നെ ഈ നിയമസഭയ്ക്കു് ഉറപ്പു തന്നിട്ടുണ്ടു്, ഇനി പുതുതായി ഉണ്ടാകുന്ന ആരോപണങ്ങളെ സംബന്ധിച്ചും അന്വേഷിക്കാമെന്നു്. അതുകൊണ്ടു് ഇവിടെ ഉണ്ടായിട്ടുള്ള എല്ലാ അഴിമതി ആരോപണങ്ങളെപ്പറ്റിയും അന്വേഷിക്കുന്നതിനു നിലവിലുള്ള വ്യവസ്ഥകളനുസരിച്ചു് ഈ ഗവണ്മെൻറു് ആവശ്യമായ നടപടികളും എടുക്കുന്നതാണു്. അതുകൊണ്ടു് നടപ്പാക്കാൻ സാധി ക്കാത്ത ഈ പ്രമേയ ഇവിടെ ചർച്ച ചെയ്യുന്നതിനു് അനുവദിക്കരുതെന്നാണു് എനിക്കു് സഭയോടു് അഭ്യർത്ഥിക്കാനുള്ളതു്. ഈ പ്രമേയം ആർഡറിലല്ല.

മി. സ്പീക്കർ: ഈ പ്രമേയത്തിനു് അനുവദിച്ചിരുന്ന സമയം കഴിഞ്ഞിരിക്കുന്നു. പ്രമേയം അംഗീകരിക്കുന്നതിനെ സംബന്ധിച്ചുള്ള ഭരണഘടനാപരമായ കാര്യങ്ങളെക്കുറിച്ചും നടപടിക്രമങ്ങളെ സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചും എല്ലാം പല പ്രാവശ്യം റൂളിംഗുകളും ബഹുമാനപ്പെട്ട തൊഴിൽകാര്യ മന്ത്രിയും റവന്യൂമന്ത്രിയും ഇവിടെ ഉന്നയിച്ചു. ഈ പ്രമേയം അഡ്മിറ്റു ചെയ്യുന്നതിനുവേണ്ടി സഭാനടപടി ചട്ടത്തിലെ റൂൾ 117 അനുസരിച്ചുള്ള മാനദണ്ഡങ്ങളും വച്ചു പരിശോധിച്ചു നോക്കിയതിനുശേഷം ഇതു് അഡ്മിസബിളാണെന്നുള്ളതുകൊണ്ടാണു് കമ്മിറ്റിയുടെ മുൻപാകെ ചെന്നതു് ഭരണഘടനാപരമായ അവകാശങ്ങളനുസരിച്ചു് ഈ സഭയുടെ നടപടിക്രമങ്ങൾ നിയന്ത്രിക്കുവാനുള്ള അധികാരം വച്ചുകൊണ്ടാണു് റൂൾസെല്ലാം ഉണ്ടാക്കിയിരിക്കുന്നതു്. ഭരണഘടനക്കു് വിരുദ്ധമായ റൂളുകളല്ല. റൂൾ 117-ലെ എ, ബി, സി, ഡി, ഈ, എഫ്, എന്നീ ഉപവകുപ്പുകളും പരിശോധിച്ചതിനുശേഷമാണു് ഈ പ്രമേയം കമ്മിറ്റിയുടെ മുമ്പാകെ ചെന്നതു്. ഈ സഭയിലെ എല്ലാ കക്ഷികളിലും പെട്ട മെമ്പർമാരടങ്ങിയ കമ്മിറ്റി ഇതൊക്കെ പരിശോധിച്ചിട്ടു് അവരുടെ റിപ്പോർട്ടു് സഭയുടെ മുൻപാകെ കൊണ്ടുവന്നു. ആ റിപ്പോർട്ടു് സഭ അംഗീകരിച്ചു് അഡോപ്റ്റു് ചെയ്തിരിക്കുകയാണു്. എന്തു അഭിപ്രായം പറഞ്ഞാലും, ഭരണ

LIBRARY ARCHIVES Kerala Legislative Assembly

ഘടനാപരമാണോ ഭരണഘടനാ വിരുദ്ധമാണോ എന്നുള്ള ഏതു അഭിപ്രായം പ്രകടിപ്പിച്ചാലും, ഇതു് ഈ സഭ ചർച്ച ചെയ്യണമെന്നുള്ള പ്രമേയം അഡോപ്റ്റു് ചെയ്തതോടുകൂടി, ഈ പ്രമേയം ചർച്ചചെയ്തില്ലെങ്കിൽ അതു് ഒരിക്കൽ നാം എടുത്ത തീരുമാനത്തിനു വിരുദ്ധമായിരിക്കും.

Smt. K. R. Gouri: This is what has been stated: "I, the Chairman of the Committee on Private Members' Bills and Resolutions present the Ninth Report of the Committee in 1969.

The Committee considered the Private Members' Business which would come up before the House for discussion on Friday the 8th August 1969.

The Committee recommended the following *time limit*....." So they have not considered the legal and constitutional aspects.

Mr. Speaker: അതു് കൺസിഡർ ചെയ്തിട്ടു് ടൈം ഫിക്സു് ചെയ്തിരിക്കുന്നതിനു മാത്രമാണു്. അതനുസരിച്ചു് കമ്മിറ്റിയുടെ റിപ്പോർട്ടു് സഭയുടെ മുൻപാകെ കൊണ്ടുവന്നു. സഭ അതു പാസാക്കുകയും ചെയ്തു. കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചു് ഇതു് അംഗീകരിക്കത്തക്കതാണോ, അല്ലയോ എന്നുള്ളതു് കമ്മിറ്റി പരിശോധിച്ചു് തീരുമാനമെടുത്തുകഴിഞ്ഞിരിക്കുകയാണു്. ആ തീരുമാനം കമ്മിറ്റി സഭയുടെ മുൻപാകെ വയ്ക്കുകയും സഭ അതു ചർച്ച ചെയ്യണമെന്നു തീരുമാനമെടുക്കുകയും ചെയ്തു. മറിച്ചൊരു തീരുമാനമെടുക്കണമെങ്കിൽ സഭയ്ക്കു് അതു് റീ കൺസിഡർ ചെയ്യാം. അതുപോലെ തന്നെ ഭരണഘടനാപരമായ കാര്യങ്ങളെക്കുറിച്ചു് വിദ്യാഭ്യാസമന്ത്രി പറഞ്ഞതിലും പായിൻറുണ്ടു്. ഭരണഘടനാ വിരുദ്ധമായ കാര്യങ്ങൾപോലും ചില സാഹചര്യങ്ങളിൽ ചർച്ചചെയ്തിട്ടുണ്ടു്. സഭ അതിന്മേൽ തീരുമാനമെടുത്തിട്ടുണ്ടു്. ഈ പ്രമേയം ചർച്ച ചെയ്യേണ്ട എന്നു സഭ ഭൂരിപക്ഷപ്രകാരം തീരുമാനിക്കുകയാണെങ്കിൽ എനിക്കു് അതിൽ വിരോധമില്ല.

ശ്രീ. ടി. എ. മജീദു്: ഈ സഭ അംഗീകരിച്ച പ്രമേയം ചർച്ച ചെയ്യണമെന്നുള്ള സഭയുടെ തീരുമാനം നടപ്പിലാക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുകയാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇതിനെസംബന്ധിച്ചു് അങ്ങു് റൂളിംഗ് നൽകിയിട്ടില്ല. എന്നെ അഭിപ്രായത്തിൽ അഡ്വക്കേറ്റു് ജനറലിന്റെ അഭിപ്രായം ആരാഞ്ഞതിനുശേഷം തീരുമാനമെടുക്കേണ്ടതാണു്. യൂണിയൻ ലാസ്സു് അമെൻറുമെൻറു് വരുത്തികൊണ്ടുള്ളതാണു് ഈ റസലൂഷൻ. അങ്ങനെ അമെൻറുമെൻറു് വരുത്തികൊണ്ടുള്ള റസലൂഷൻ എന്നു പറഞ്ഞാൽ തീർച്ചയായിട്ടും ഭരണഘടനാപരമായി നിലനിൽക്കാത്ത റസലൂഷനാണു്, ആ നിലയ്ക്കു് അഡ്വക്കേറ്റു് ജനറലിന്റെ അഭിപ്രായമറിയാതെ ഇതിനെ സംബന്ധിച്ചു് തീരുമാനമെടുക്കുന്നതു ശരിയല്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അങ്ങയുടെ സകല തീരുമാനങ്ങളും അനുസരിക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണു്. ഒരു കാര്യം എനിക്കു തീരെ മനസ്സിലാകുന്നില്ല. അങ്ങു് ശരിയായ് റൂളിംഗ് നടത്തിയാൽ എന്താണു്?

ശ്രീ. കെ. കരുണാകരൻ: സർ, റൂളിഗ് നടത്തികഴിഞ്ഞതിനുശേഷം ഇതെന്താണു്?

(ശ്രീമാന്മാരായ സി. ബി. സി. വാര്യർ, സി. കെ. ബാലകൃഷ്ണൻ, എ. വി. ആര്യൻ തുടങ്ങിയവർ ഒരുമിച്ചു് റൂളിംഗ് നൽകിയിട്ടില്ല, റൂളിംഗ് നൽകിയിട്ടില്ല എന്നു വിളിച്ചു പറഞ്ഞു.)

Shri. Mathai Manjooran: Sir, I have got a point to clarify.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇങ്ങനെ പോവുകയാണെങ്കിൽ വളരെ ബുദ്ധിമുട്ടുണ്ട്. നിയമ സഭാനടപടിക്രമ രൂപം 117 അനുസരിച്ചാണ് ഈ പ്രമേയം കമ്മിറ്റി അനുവദിച്ചത്. കമ്മിറ്റിയുടെ മുമ്പിൽ പ്രമേയത്തിന്റെ കാര്യം പരിഗണനക്കു വന്നപ്പോൾ ആരും ഇപ്പോൾ പറയുന്ന ഭരണഘടനാ പ്രശ്നങ്ങൾ ഉന്നയിച്ചിട്ടില്ല. ഇങ്ങനെ ഒരഭിപ്രായം ഉണ്ടായിരുന്നെങ്കിൽ അപ്പോൾതന്നെ dis llow ചെയ്യാമായിരുന്നു. കമ്മിറ്റി എന്നു പറയുന്നതു റസല്യൂഷനുവേണ്ടി മാത്രമുള്ള കമ്മിറ്റിയല്ല. സ്വകാര്യ മെമ്പറന്മാരുടെ പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ചതാണ് ഈ കമ്മിറ്റി. അങ്ങനെ കമ്മിറ്റി പരിശോധിച്ച് ഒരു റിപ്പോർട്ട് തരുകയും സഭ അതു അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരു റസല്യൂഷൻ കൊണ്ടുവരാൻ അതു അംഗീകരിക്കാമോ വേണ്ടയോ എന്നു പരിശോധിക്കാനുള്ള കമ്മിറ്റിയാണ്. അങ്ങനെ കമ്മിറ്റിയുടെ പരിശോധനയെല്ലാം കഴിഞ്ഞാണ് വന്നിട്ടുള്ളതു. എനിക്കു ഇതേപ്പറ്റി പ്രത്യേക അഭിപ്രായമൊന്നുമില്ല. ഇങ്ങനെ ഒരു പ്രമേയം സഭയുടെ മുമ്പിൽ കൊണ്ടുവന്നു അഡോപ്റ്റു ചെയ്യുകഴിഞ്ഞു. ഈ ഒരു പ്രമേയം കൊണ്ടുവന്നിരിക്കുന്ന സ്ഥിതിക്കു ഭരണഘടനാപരമായ കാര്യങ്ങളെക്കുറിച്ചെല്ലാം ബഹുമാനപ്പെട്ട മെമ്പറന്മാരും ബഹുമാനപ്പെട്ട ലേബർമന്ത്രിയും റവന്യൂമന്ത്രിയും ഗതാഗതവകുപ്പു മന്ത്രിയും എല്ലാം അഭിപ്രായങ്ങൾ പറഞ്ഞുകഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ നമുക്കു പ്രമേയം എടുക്കേണ്ടതാണോ അല്ലയോ എന്നു പരിശോധിക്കാം. അല്ലാതെ ഇവരെല്ലാം പറഞ്ഞ ഭരണഘടനാപരമായ എല്ലാ പോയിന്റുകളെക്കുറിച്ചും ഞാൻ ഉടനടി റൂളിംഗ് നൽകണമെന്നുവച്ചാൽ അതു പ്രായോഗികമായി നടക്കുന്ന സംഗതിയല്ല. പ്രമേയം സഭയുടെ മുമ്പിലുണ്ട്. ഞാൻ സഭയുടെ മുമ്പിൽ ഇക്കാര്യം സമർപ്പിക്കുകയാണ്. സഭയുടെ ഇഷ്ടം പോലെ ചെയ്യാം.

(ഈ സമയം ബഹുമാനപ്പെട്ട തൊഴിൽമന്ത്രി, ശ്രീമാന്മാരായ സി. കെ. ബാലകൃഷ്ണൻ, സി. ബി. ചന്ദ്രശേഖരവാര്യർ, ടി. കെ. രാമകൃഷ്ണൻ മുതലായവർ എഴുന്നേറ്റു നിന്നു ഉച്ചത്തിൽ സംസാരിച്ചു. ആരു പറയുന്നതും സ്പഷ്ടമായില്ല.)

Shri. Mathai Manjooran : Sir, I have got a point to clarify. All these rules are subject to the provisions of the Constitution.

മി. സ്പീക്കർ : ഈ സഭയുടെ ഒരു കമ്മിറ്റിയുടെ റിപ്പോർട്ട് സഭ അപ്രൂവ് ചെയ്തുകൊണ്ടുള്ള തീരുമാനം പുനഃപരിശോധിക്കുന്നതിനു യാതൊരു വിരോധവുമില്ല.

Shri Mathai Manjooran : Sir, what I have pointed out is this.... (Several Opposition Members were seen standing and shouting)

Shri Mathai Manjooran : Sir, they are trying to provoke me. I will not be provoked. I am not going to be provoked. (applause from the Treasury Benches). That is a fact is which might have escaped your notice. Sir, this Legislature is subject to the provisions of the Constitution.

ശ്രീ. കെ. കരുണാകരൻ : ഈ സഭയിൽ പ്രതിപക്ഷത്തിനു എന്തു വോയിസ് ഉണ്ട് സാർ.

മി. സ്പീക്കർ : തൊഴിൽമന്ത്രി കുറേയൊ സംസാരിച്ചുകഴിഞ്ഞില്ലേ ? ഇനി പ്രതിപക്ഷം അവർക്കു പറയാനുള്ളതു പറയട്ടെ.

ശ്രീ. മത്തായി മാഞ്ഞൂരാൻ : എത്ര സംസാരിച്ചാലും മനസിലാകാത്ത വിഭാഗത്തോടു പിന്നെന്തു ചെയ്യും.

മി. സ്പീക്കർ : ഓർഡർ, ഓർഡർ....

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അങ്ങു റൂളിംഗാണ് നൽകേണ്ടതു.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ : അങ്ങു റൂളിംഗ് നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട വാര്യരും, രാമകൃഷ്ണനുമൊക്കെ സീനിയർ മെമ്പേഴ്സാണ്. അവർക്ക് ഈ സഭയുടെ കാര്യങ്ങളെ സംബന്ധിച്ചും, നിയമപരമായ കാര്യങ്ങളെ സംബന്ധിച്ചും ഒക്കെ അറിയാം. നിയമവശമറിയാവുന്നവർ ഈ സഭയ്ക്കുണ്ടെന്നുള്ളതിൽ അഭിമാനിക്കുന്നു. എന്നെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ ഞാൻ സഭയുടെ ദാസനാണ്. പറയാനും സഭക്ക് അധികാരമുണ്ട്. ഭരണഘടനാപരവും നിയമപരവുമായ കാര്യങ്ങളെപ്പറ്റി പറഞ്ഞതു് എല്ലാവരും കേട്ടതാണ്. ഇതേപ്പറ്റിയുള്ള എല്ലാ വശങ്ങളും ഇവിടെ ചർച്ചചെയ്യുകഴിഞ്ഞു. അതിൽ നിയമപരമായും ഭരണഘടനാപരമായുമുള്ള കാര്യങ്ങളെക്കുറിച്ചല്ലാം പറഞ്ഞുകഴിഞ്ഞതാണ്. പ്രമേയം അനുവദിക്കുന്ന കാര്യത്തിൽ ഞാൻ ഏകാധിപത്യപരമായ ഒരു തീരുമാനമെടുക്കണമെന്നു പറയുന്നതിൽ അർത്ഥമില്ല. കോൺസ്റ്റിറ്റ്യൂഷനൽ പോയിന്റൊക്കെ നോക്കിക്കഴിഞ്ഞതിനു ശേഷം ഇതിനെ സംബന്ധിച്ചു പരിഗണിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : കോൺസ്റ്റിറ്റ്യൂഷനൽ പോയിന്റ്സ് എല്ലാം നോക്കണം. ഇതിൽ ഡിഫിക്കൽറ്റിയുള്ളതു് ഈ പ്രമേയം സെൻട്രൽ ആക്ടിനു് ഭേദഗതി ചെയ്യുന്ന പ്രമേയമാണ്. അതാണ് അങ്ങു് പരിശോധിക്കണമെന്നു ഞാൻ പറയാനുണ്ടായ കാരണം. അങ്ങു് പരിശോധിക്കണം..

ശ്രീ. കെ. എം. ജോർജ്ജ് : ബഹുമാനപ്പെട്ട സ്പീക്കർ വളരെ ക്ഷമയോടുകൂടി ഒന്നര മണിക്കൂറോളം ഈ കാര്യങ്ങളെപ്പറ്റി രേണുകക്ഷി അംഗങ്ങളും പറയുന്നതും മന്ത്രിമാർ പറയുന്നതും കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ കൂടുതലൊന്നും പറയുന്നില്ല. നമ്മെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ ഒരു കാര്യമുണ്ട്. അങ്ങു തന്ന റൂളിംഗ് നൽകിയിട്ടുള്ളതുപോലെ റൂൾസ് ഓഫ് പ്രൊസീഡ്യറിലെ 117 വകുപ്പനുസരിച്ച് ഈ പ്രമേയം ഈ നിയമസഭയുടെ ബിൽസ് ആൻറ് റസല്യൂഷൻ കമ്മറ്റി നോക്കുകയും പരിശോധിക്കുകയും അഡോപ്റ്റു ചെയ്യുകയും ചെയ്തതാണ്. പ്രമേയം അഡോപ്റ്റു ചെയ്തു കഴിഞ്ഞു. ഇനി യാതൊരു കാരണവശാലും പുറകോട്ടു പോകേണ്ട നിയമപരമായ സാദ്ധ്യതയില്ല. അങ്ങനെ പോവുകയും അരുതു്. ആദ്യമായി അങ്ങെടുത്ത തീരുമാനങ്ങളും നടപ്പിലാക്കുക. ഒന്നുകിൽ പ്രമേയം പരിഗണനക്കെടുക്കാതിരിക്കുക, അല്ലെങ്കിൽ ശ്രീമാൻ ദേവസ്സിക്കുട്ടിയോടു് പ്രമേയം അവതരിപ്പിക്കാൻ പറയുക. ഈ ഗവണ്മെൻറ് ചെയ്യേണ്ട കാര്യം പറയാൻ മാത്രമാണ് ഈ പ്രമേയംകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. അതു വളരെ വ്യക്തമാണ്. ചെയ്യാനുള്ളതു് നിയമപരമായി ചെയ്യാൽ മതി. പ്രമേയത്തിന്റെ ഉദ്ദേശമെന്തെന്നതു വ്യക്തമാണ്. മറ്റു പ്രകോപനങ്ങളും ഉണ്ടാകാനുള്ള യാതൊരു കാര്യങ്ങളും പറയാതെ ദയവായി ഏറ്റവും വേഗം ഇനിയെങ്കിലും സമയം കളയാതെ കാര്യങ്ങളും നടത്തണമെന്നു് അപേക്ഷിക്കുകയാണു്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ശ്രീമാൻ ജോർജ്ജു പറഞ്ഞതിനുശേഷമാണു് കുറെക്കൂടി വെളിച്ചം കാണുന്നതു്.

ശ്രീ. കെ. ടി. ജോർജ്ജ് : ഗതാഗതമന്ത്രി പ്രതിപക്ഷമാണോ ?

ശ്രീ. കെ. കരുണാകരൻ : അങ്ങൊരു റൂളിംഗ് നൽകിക്കഴിഞ്ഞതാണ്. ഇക്കാര്യത്തെപ്പറ്റി....

(ശ്രീമാന്മാരായ സി. ബി. സി. വാര്യർ, സി. കെ. ബാലകൃഷ്ണൻ, പി. കെ. കുഞ്ഞച്ചൻ, ഇ. എം. ജോർജ്ജ് എന്നിവർ റൂളിംഗ് നൽകിയിട്ടില്ല, നൽകിയിട്ടില്ല എന്ന ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു).

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : സർ, റൂളിംഗ് നൽകാതെ റൂളിംഗ് നൽകി എന്നു പറയുന്നതു'....

മി. സ്പീക്കർ : ബഹുമാനപ്പെട്ട വാര്യർ സംസാരിച്ചപ്പോൾ പ്രതിപക്ഷത്തുള്ളവർ ആരും ഒന്നും പറഞ്ഞില്ലല്ലോ. ഇനി അവർക്കു പറയാനുള്ളതുകൂടി പറയട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. രാജൻ : റൂളിംഗ് നൽകാതെ റൂളിംഗ് നൽകി എന്ന പറയുന്നത് ശരിയാണോ ?

ശ്രീ. കെ. കരുണാകരൻ : സർ, അങ്ങ് 117-ഉം 115-ഉം വകുപ്പിനെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചു. 115-ന് തീരുമാനം ചെയ്യാനുള്ള അധികാരം 119 അനുസരിച്ചുണ്ട്. അതനുസരിച്ച് അങ്ങ് ഇതിനു് അംഗീകാരം കൊടുത്തു. ആ അംഗീകാരം പരിഗണിച്ച് കമ്മിറ്റി ഈ സഭയുടെ മുമ്പാകെ ചർച്ചക്കുവേണ്ടി അവതരിപ്പിച്ചു. ഇനി പുനരാലോചിക്കേണ്ട പ്രശ്നമില്ല. എന്നാൽ അങ്ങ് നിർദ്ദേശിച്ചിട്ടുള്ള സ്ഥിതിക്ക് ഈ സഭയുടെ അഭിപ്രായമനുസരിച്ച് ഈ പ്രമേയം ചർച്ചക്ക് എടുക്കണമോ വേണ്ടയോ എന്നുള്ള കാര്യവും സഭയുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം നിശ്ചയിക്കുന്നതല്ലേ യുക്തം.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : കാൺസ്റ്റിറ്റ്യൂഷനിലെ വകുപ്പുകൾ ഉദ്ധരിച്ചുകൊണ്ട് ഇതിനെതിരായ വാദങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഇതെല്ലാംവച്ചുകൊണ്ട് ഇത്തരത്തിലുള്ള ഒബ്ജക്ഷൻസെല്ലാമുള്ള പ്രമേയമാണോ എന്ന് കമ്മിറ്റി പരിശോധിച്ചിട്ടില്ലെന്നുള്ളതു് സത്യസന്ധമായ ഒരു കാര്യമാണ്. ആ നിലക്ക് വീണ്ടും അവതരിപ്പിക്കുന്നതു് അപകടമായിട്ടുള്ളതാണെന്നും ഇത്രയും നിയമവിരുദ്ധമായ കാര്യം ഇത്രയും ഗൗരവമേറിയ സ്ഥിതിയിൽ ഇവിടെ അവതരിപ്പിക്കാൻ അനുവദിക്കുന്നതു് നാശകരമായ സംഗതിയാണെന്നും മനസിലാക്കിക്കൊണ്ടു വേണം ഈ കാര്യത്തിൽ നിയമപരമായി ഉത്തരവു നൽകേണ്ടതു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ ഒരു റസല്യൂഷൻ കൊണ്ടുവരണം. എന്നിട്ട് അതിനെപ്പറ്റി പരിഗണിക്കാം.

ശ്രീ. കെ. കെ. അബു : സർ, കമ്മിറ്റി ചെയർമാനെന്ന നിലക്കും രണ്ടുവാക്കും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ കമ്മിറ്റി നിയമവശങ്ങളെല്ലാം നോക്കിയിട്ടാണ് പ്രമേയം കൊണ്ടുവന്നതെന്നു പറയുന്നതു് ശരിയല്ല. ഇന്നുവരെയുള്ള സമ്പ്രദായത്തിൽ ഈ പ്രമേയങ്ങളെല്ലാം വന്നാൽ കമ്മിറ്റി ടൈം നിശ്ചയിക്കുന്നു എന്നുള്ളതിൽക്കവിഞ്ഞു് അതിന്റെ നിയമവശങ്ങളെന്താണെന്നു ചിന്തിക്കാറില്ല. ഞാൻ അതിന്റെ ചെയർമാനായിട്ടു പറയുകയാണ്. ഇതാണ് ഇതിന്റെ യാഥാർത്ഥ്യം. അതിനപ്പുറം ഇതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടില്ല.

(മാർക്സിസ്റ്റു മെമ്പറന്മാർ എഴുന്നേറ്റുനിന്നു ബഹളംകൂട്ടിക്കൊണ്ടിരുന്നു).

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ചെയർമാൻതന്നെ പറയുകയാണ്.

Shri Mathai Manjooran : Sir, what I was trying to say is this that the Constitution bans the introduction of such a resolution. Because the resolution does not confer....

ശ്രീ. കെ. കരുണാകരൻ : സർ ഇങ്ങനെ....

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഒരാൾ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ പറയുന്നതു ചിത്തഭ്രമത്തിന്റെ സുഖക്കേടാണ്. Sir, this involves many important constitution matters. Article 208 does not give this Assembly the right to prescribe its own laws.

ശ്രീ. എം. കെ. എ. ഹമീദ് : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനു സുഖക്കേടാണെന്നു ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു ശരിയാണോ ?

മി. സ്പീക്കർ : വളരെയേറെ ഭരണഘടനാപരമായ കാര്യങ്ങളെല്ലാം പറഞ്ഞതിനുശേഷം ഞാൻ ഉടനടി റൂളിംഗ് തരണമെന്നു മെമ്പറന്മാർ പറയുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ഒരു റസല്യൂഷൻ ചർച്ച ചെയ്യണമെന്ന സഭ തീരുമാനിച്ചിട്ടുണ്ട്. ഇതു് ഇന്നു വേണമോ പിന്നീടൊരു ദിവസം മതിയോ എന്നുള്ളതു സഭയ്ക്കു തീരുമാനിക്കാവുന്നതാണു്.

I am not prepared to act that way. You cannot force me to give, all on a sudden, a ruling on matters constitutional and legal and on other matters raised by Members including the Leader of the House.

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, ഈ പ്രമേയം വരാൻ പാടില്ലെന്നല്ല ഞാൻ പറയുന്നതു്. നിയമപരമായ വശങ്ങളും നോക്കിയ ശേഷം വേറൊരു ദിവസത്തേയ്ക്കു ചർച്ച ചെയ്യാൻ വയ്ക്കാം.

12 Noon]

ശ്രീ. എ. എസ്. എൻ. നമ്പീശൻ: വളരെ പ്രധാനപ്പെട്ട ഒരു പോയിന്റു് എനിക്കു് ചൂണ്ടിക്കാണിക്കുവാനുണ്ടു്. Sec. 117 (b) of the Rules of Procedure says: "*it shall not contain arguments, inferences*, ironical expressions, imputations, or defamatory statements, nor shall it refer to the conduct or character of persons except in their official or public capacity;"

ഈ പ്രമേയത്തിൽ പറയുന്നതു് "കേരളാ പബ്ലിക്മെൻ (ഇൻക്വയറീസ്") ബിൽ നിയമമാകുന്നതുവരെയുള്ള കാലത്തേക്കു് അഴിമതി ആരോപണങ്ങളെക്കുറിച്ചു് അന്വേഷിക്കുവാൻ ഒരു ഇടക്കാല മെഷിനറി രൂപീകരിക്കേണ്ടതാണെന്നു് ഈ സഭ തീരുമാനിക്കുന്നു" എന്നാണു്. എന്നുവച്ചാൽ ഈ ഗവൺമെന്റു് ഇന്നു നിലവിലുള്ള ചട്ടങ്ങളനുസരിച്ചു് പ്രവർത്തിക്കുന്നില്ലെന്നും അഴിമതിയാരോപണങ്ങളും വന്നാൽ ഒന്നും ചെയ്യുന്നില്ലെന്നുമുള്ള ഒരു ഇൻഫൊറൻസ് ഉണ്ടു്.

മി. സ്പീക്കർ: ഇതെല്ലാം ഉന്നയിക്കപ്പെട്ട പോയിന്റുകളാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സാധാരണയായി ഇവിടെ ഏതെങ്കിലും കോൺസ്റ്റിറ്റ്യൂഷണലോ ലീഗലോ ആയ കാര്യങ്ങളെപ്പറ്റി പോയിന്റു് ഓഫ് ഓർഡർ റെയിസ് ചെയ്താൽ ഉടൻതന്നെ റൂളിംഗ് നൽകാൻ കഴിയാത്തതാണെങ്കിൽ സാധാരണയായി അങ്ങു് സ്വീകരിച്ചുവന്നിരുന്ന ഒരു നടപടിക്രമമുണ്ടു്. ആ റൂളിംഗിനെസംബന്ധിച്ചിടത്തോളം മാറിവയ്ക്കുകയെന്നുള്ളതാണതു്. ആ നിലയിൽ റൂളിംഗ് നൽകാൻ സമയം ആവശ്യമായതുകൊണ്ടു് വിദഗ്ധമായ നിയമാഭിപ്രായം ആരാഞ്ഞതിനുശേഷം റൂളിംഗ് നൽകുകയും അതിനുശേഷം ഈ പ്രമേയം എടുക്കാമോ അല്ലയോ എന്ന കാര്യം പരിഗണിക്കുകയും ചെയ്യാവുന്നതാണു്.

മി. സ്പീക്കർ. ഇതിനെപ്പറ്റി വിദഗ്ദ്ധമായി പരിശോധിച്ചതിനുശേഷം റൂളിംഗ് നല്കണമെന്നുള്ളതു് വളരെ ശരിയാണു്. പക്ഷേ, ഈ പ്രമേയം ഇപ്പോൾ ചർച്ചചെയ്യണമോ വേണ്ടയോ എന്നുള്ളതിനെപ്പറ്റി സഭ തീരുമാനമെടുക്കേണ്ടതാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ
ശ്രീ. സി. കെ. ബാലകൃഷ്ണൻ
ശ്രീ. പി. കെ. കുഞ്ഞച്ചൻ
ശ്രീ. ഈ. എം. ജോർജ്:

ലീഗൽ ആസ്പക്ടസ് ഭൂരിപക്ഷാഭിപ്രായ പ്രകാരം തീരുമാനമെടുക്കാമെന്നാണോ അങ്ങു് പറയുന്നതു്?

ശ്രീ. കെ. ഐ. രാജൻ: ഇതിനെപ്പറ്റി വ്യക്തമായ റൂളിംഗ് നൽകാത്തിടത്തോളംകാലം ഈ പ്രമേയം ചർച്ചചെയ്യാൻ പാടില്ല.

(മറ്റു പല മെമ്പറന്മാരും ഉച്ചത്തിൽ ഇതേ ആവശ്യംതന്നെ ഉന്നയിച്ചുകൊണ്ടിരുന്നു. സഭ കുറെനേരം ശബ്ദമുഖരിതമായിരുന്നു. പലരും ഒന്നിച്ചു സംസാരിച്ചതുകൊണ്ടു് പറഞ്ഞതൊന്നും വ്യക്തമായി രേഖപ്പെടുത്താൻ സാധിച്ചില്ല.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. കുര്യൻ: ഈ സഭയിൽ അങ്ങ് ഇതുവരെ അനുവർത്തിച്ചിട്ടുള്ള നയത്തിൽനിന്നും വ്യത്യസ്തമാണ് ഇന്ന് സ്പീകരിച്ചിരിക്കുന്ന നിലപാട്. ഇതു പോലെയുള്ള പ്രശ്നങ്ങൾക്ക് മുമ്പൊന്നും സഭയുടെ അഭിപ്രായം അറിഞ്ഞിട്ടായിരുന്നില്ല റൂളിംഗ് നൽകിയിരുന്നത്. അതുകൊണ്ട് ഇന്നുമാത്രം വ്യത്യസ്തമായ നിലപാടെടുക്കരുതെന്നു് എനിക്കു അഭിപ്രായമുണ്ട്. ആവശ്യമായ നിയമസഹായം തേടികൊണ്ട് അങ്ങ് സ്വന്തമായ ഒരു റൂളിംഗ് നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അങ്ങ് ഈ സഭയുടെ അഭിപ്രായം അറിയണമെന്നു പറഞ്ഞു. ഒന്നുകിൽ അതനുസരിച്ചു് പ്രവർത്തിക്കണം അല്ലെങ്കിൽ എന്തെങ്കിലും ഒന്നുണ്ട് തീരുമാനിക്കണം.

മി. സ്പീക്കർ: എനിക്ക് റൂളിംഗ് നടത്തുവാൻ നല്ലവണ്ണം അറിയാമെന്നു് ബഹുമാനപ്പെട്ട പാർലമെന്ററിയർക്ക് അറിയാമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. റൂളിംഗ് നടത്തേണ്ടതു് എപ്പോഴാണു്, എന്താണു് എന്നെല്ലാം കുറേയൊക്കെ അറിയാമെന്നാണു് എന്റെ വിശ്വാസം. അതുകൊണ്ട് റൂളിംഗിനെ സംബന്ധിച്ചിടത്തോളം വളരെ വിശദമായി ആലോചിച്ചതിനുശേഷം റൂളിംഗ് തരാമെന്നുള്ളതാണ് എന്റെ നിലപാട്. ഈ റസല്യൂഷനെ സംബന്ധിച്ചിടത്തോളം അതിവിടെവന്നു് കമ്മിറ്റി റിപ്പോർട്ട പാസ്സാക്കിയിരിക്കുന്ന നിലയ്ക്കു് മറിച്ചൊരു തീരുമാനം എടുക്കുന്നതിൽ നിവൃത്തിയില്ല.

(പാസ്സാക്കിയിട്ടില്ല, പാസ്സാക്കിയിട്ടില്ല എന്നു വിളിച്ചുകൊണ്ട് നിരവധിഅംഗങ്ങൾ എഴുന്നേറ്റു നിന്നു. കുറേനേരം ശബ്ദമുഖരിതമായ അന്തരീക്ഷം).

ശ്രീ. എ. പി. കുര്യൻ: റസല്യൂഷൻസ് കമ്മിറ്റി ചെയർമാൻതന്നെ ഈ പ്രമേയത്തിന്റെ ലീഗൽ അസ്പക്ട്സ് നോക്കിയിട്ടില്ല എന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് അങ്ങ് അതു് പരിഗണിക്കണം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സഭ തീരുമാനിച്ച കാര്യം പറയുകയാണെങ്കിൽ സഭ തീരുമാനിച്ചിട്ടുള്ളതു് രണ്ടു കാര്യങ്ങളാണു്. പ്രമേയത്തോടൊപ്പം അതിനുള്ള സമയവും സഭ അംഗീകരിച്ചിട്ടുള്ളതാണു്. ഇപ്പോഴാ സമയം കഴിഞ്ഞിരിക്കുന്നു. ആദ്യം പറഞ്ഞതു് അംഗീകരിക്കുകയാണെങ്കിൽ ഇനി പ്രമേയത്തെപ്പറ്റിയുള്ള ചർച്ച നീട്ടാൻ സാദ്ധ്യമല്ല. അടുത്ത പ്രമേയം എടുക്കണം.

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഭരണഘടനാപരമായ ഒരു കാര്യം ചെയ്യണമെങ്കിൽ വ്യക്തമായും റൂളിംഗ് തരാതെ നിവൃത്തിയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇതു് എന്താണു് സർ? രണ്ടിലൊന്നു തീരുമാനിക്കാതെ ഇങ്ങനെ പോകുന്നതു് എങ്ങോട്ടാണു്?

ശ്രീ. ടി. കെ. കൃഷ്ണൻ: സഭയുടെ തീരുമാനം അറിയേണ്ടകാര്യമില്ല. ഇവിടെ ലീഗലായ കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു പോയിന്റ് ഓഫ് ഓർഡർ ഉണ്ട്. അതിനു് അങ്ങു റൂളിംഗ് കൊടുക്കാതെ മുന്നോട്ട് പോയാൽ അതു് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുകയായിരിക്കും.

ഗതാഗതമന്ത്രി (ശ്രീ. ഈ. കെ. ഇമ്പിച്ചിബാവ): ഇതിനെ സംബന്ധിച്ചിടത്തോളം കമ്മിറ്റി ചെയർമാന്റെ അഭിപ്രായംകൂടി അറിഞ്ഞാൽ കൊള്ളാം.

സി. കെ. ബാലകൃഷ്ണൻ
സി. ബി. ചന്ദ്രശേഖരവാര്യർ: } ചെയർമാൻതന്നെ ലീഗൽ അസ്പക്ട് നോക്കിയിട്ടില്ല എന്ന നേരത്തെ സമ്മതിച്ചിട്ടുള്ളതാണല്ലോ?

ശ്രീ. ഈ. കെ. ഇമ്പിച്ചിബാവ: അപ്പോഴാ അതിനെ ആദരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഈ പ്രമേയത്തിനു നിർദ്ദേശിച്ച സമയത്തോടുകൂടിയാണു് കമ്മിറ്റിയുടെ റിപ്പോർട്ടു് സഭ അംഗീകരിച്ചിട്ടുള്ളതു്. റിപ്പോർട്ടു സഭ അംഗീകരിച്ചു എന്ന വാദം നിലനില്ക്കുകയാണെങ്കിൽ സമയം തീർന്നു എന്നുള്ള വാദം ഞാൻ മുന്നോട്ടു വയ്ക്കുകയാണു്. ഇനി സമയം നീട്ടണമെങ്കിൽ സഭ പുതുതായി തീരുമാനിക്കണം. അതുകൊണ്ടു് ഈയവസരത്തിൽ റൂളിംഗു് നൽകുക അല്ലാതെ മറെറാന്നും തന്നെ അവശേഷിക്കുന്നില്ല.

മി. സ്പീക്കർ: പ്രമേയത്തിന്റെ കാര്യത്തിൽ ഞാൻ എന്തു ചെയ്യണം; സഭയുടെ കാൺസെൻസസു് അറിയുക എന്നുള്ളതാണു് എന്നെ സംബന്ധിച്ചിടത്തോളം ശരിയായിട്ടുള്ളതു്.

(വളരെ മെമ്പറന്മാർ, പാടില്ല, ഭൂരിപക്ഷപ്രകാരം തീരുമാനിക്കാനുള്ളതല്ല ലീഗൽ ആസു്പെക്ടുസു്, എന്നെല്ലാം ഉച്ചത്തിൽ വിളിക്കുന്നുണ്ടായിരുന്നു.)

ശ്രീ. കെ. ടി. ജോജ്ജു്: 12-30 വരെയും ഇതെല്ലാം കേട്ടുകൊണ്ടിരിക്കണമെന്നാണോ?

ശ്രീ. കെ. കെ. അബു: പ്രമേയത്തിനു് ലീഗാലിറ്റി ഉണ്ടോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അങ്ങു് റൂളിംഗു് നൽകേണ്ടതാണു്. അതിൻശേഷം പ്രമേയം ചർച്ചയ്ക്കെടുക്കണമോ വേണ്ടയോ എന്നാലോചിക്കേണ്ടതാണു്.

ശ്രീ. കെ. കരുണാകരൻ: സർ, ഈ പ്രമേയം ഇവിടെ അഡ്മിറ്റു ചെയ്തിട്ടുള്ളതാണു്. ആ നിലയ്ക്കു.....

ശ്രീ. സി. കെ. ബാലകൃഷ്ണൻ: അഡ്മിറ്റു് ചെയ്തിട്ടില്ല. ഇവിടെ കള്ളം പറയുന്നതു് ശരിയല്ല സർ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അഡ്മിറ്റു് ചെയ്തിട്ടില്ല, അഡ്മിറ്റു് ചെയ്തിട്ടില്ല.

(ശ്രീ. പി. കെ. കുഞ്ഞച്ചൻ, ശ്രീ. കെ. ഐ. രാജൻ, ശ്രീ. ഈ. എം. ജോർജ്ജു്, ശ്രീ. എസു്. മാമോദരൻ തുടങ്ങിയ മെമ്പറന്മാരും അഡ്മിറ്റു് ചെയ്തിട്ടില്ല എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു).

മി. സ്പീക്കർ: ഓർഡർ, ഓർഡർ. പ്രതിപക്ഷത്തിന്റെയും അഭിപ്രായം അറിയാൻ അനുവദിക്കണം. ഈ ഭാഗത്തുനിന്നും (ട്രഷറി ബഞ്ചു്) സംസാരിച്ചപ്പോഴും ആ ഭാഗത്തു് (പ്രതിപക്ഷം) ഇരുന്നവർ ബഹളം കൂട്ടിയില്ലല്ലോ? ആ നിലയിൽ അവരെയും (പ്രതിപക്ഷത്തെ) സംസാരിക്കാൻ അനുവദിക്കണം. ഇങ്ങനെയുള്ള പ്രശ്നങ്ങളും വന്നാൽ സാധാരണഗതിയിൽ സ്പീക്കർക്കു് ഉടനടി ഒരു റൂളിംഗു് നല്കാൻ സാധ്യമല്ല. എന്നാൽ ഈ പ്രശ്നത്തെസംബന്ധിച്ചിടത്തോളം ഞാൻ എടുത്തിരിക്കുന്ന നിലപാടു്, ഈ സഭയുടെ ഒരു കമ്മിറ്റി പാസ്സാക്കിയ റിപ്പോർട്ടു അഡോപ്റ്റു ചെയ്തിരുന്ന സ്ഥിതിക്കു് അതിനു വിരുദ്ധമായി ഈ റസലൂഷൻ ചർച്ച ചെയ്യണമോ വേണ്ടയോ എന്നുള്ളതിനെപ്പറ്റി തീരുമാനമെടുക്കാൻ സ്പീക്കർക്കു് അധികാരമില്ല എന്നുള്ളതാണു്. അതിനു സഭയ്ക്കു മാത്രമേ അധികാരമുള്ള എന്ന നിലപാടാണു് സ്പീക്കർ എന്നുള്ള നിലയിൽ ഞാനെടുത്തിരിക്കുന്ന സ്റ്റാൻഡു്. അതുകൊണ്ടു് ആണു് റൂളിംഗു് കൊടുക്കാതിരുന്നതു്. ഇങ്ങനെയുള്ള സാഹചര്യത്തിൽ സ്പീക്കർക്കു് വേണ്ട നിർദ്ദേശങ്ങളും നൽകുന്നതിനും ആവശ്യമായ റസലൂഷൻസു് മൂവു് ചെയ്യുന്നതിനും ബഹുമാനപ്പെട്ട പാർട്ടി നേതാക്കന്മാർക്കും പ്രത്യേകിച്ചു് സഭാനേതാവിനും ചുമതലയുണ്ടു്. ഇന്നതുപോലെ ചെയ്യണമെന്നു് നിർദ്ദേശിക്കാൻ പാർലമെന്ററി ഡെമോക്രസിയിൽ പാർട്ടിനേതാക്കന്മാർക്കു ചുമതലയുണ്ടു്. അതാണു് ചെയ്യേണ്ടതു്. അല്ലാതെ എന്നെ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് അങ്ങനെ ചെയ്യിച്ചു ഇങ്ങനെ ചെയ്യിച്ചു എന്നു വരുത്തുകയല്ല. 'I move that this resolution may be dropped or this may be taken up sometime later'. ഇങ്ങനെയുള്ള ഏതെങ്കിലും റസല്യൂഷൻ അവതരിപ്പിക്കുകയാണു് വേണ്ടതു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ആ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഇവിടെ റസല്യൂഷൻ അവതരിപ്പിക്കേണ്ട പ്രശ്നമൊന്നുമില്ല. ലീഗൽ ആസ്പെക്ടസിനെ സംബന്ധിച്ചിടത്തോളം ക്ലിയറിംഗ് നൽകുകയെന്നല്ലാതെ മറ്റൊന്നും അവശേഷിക്കുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഈ പ്രമേയം ഓർഡറിൽ അല്ല എന്നുള്ളതാണു് പ്രശ്നം. അതുകൊണ്ടു് പ്രമേയം ഇവിടെ ചർച്ച ചെയ്യാൻ പറ്റുകയില്ല. ഈ അടിസ്ഥാനത്തിലാണു് ഈ തടസ്സവാദം ഇവിടെ റെയിസു് ചെയ്തിട്ടുള്ളതു്. ഇവിടെ ഭേദഗതികളും പലതും ഓർഡറിൽ അല്ലെന്നു പറഞ്ഞു് അങ്ങു് റൂം ഔട്ടു് ചെയ്തിട്ടുണ്ടു്. അതുപോലെ ഈ പ്രമേയവും ഓർഡറിൽ അല്ലാത്തതുകൊണ്ടു് അങ്ങു് അനുവാദം കൊടുക്കരുതെന്നു പാടില്ല. ഇതാണു് പ്രശ്നം. പ്രമേയം തന്നെ ഓർഡറിൽ അല്ലാത്തതുകൊണ്ടു് ഭേദഗതികളുടെ പ്രശ്നം ഉദിക്കുന്നില്ല. അതുകൊണ്ടാണു് ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതു്, സെൻസർ ആക്ടിന്റെ ഭേദഗതിയായിട്ടാണു് ഇതു് വന്നിരിക്കുന്നതെന്നു്. ഇതിനാവശ്യമായ നിയമ സഹായം അങ്ങു തേടണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇന്നത്തെ നിലയിൽ ഈ റസല്യൂഷൻ എടുക്കുന്നതു് ശരിയല്ല. പിന്നെ നേരത്തെ പറഞ്ഞമാതിരി റസല്യൂഷൻ മൂവു ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നുമില്ല.

മി. സ്പീക്കർ : ഇന്നത്തെ നിലയിൽ ഈ പ്രമേയം എടുക്കുന്നതു ശരിയല്ലെന്നുള്ള സഭാനേതാവിന്റെ അഭിപ്രായം ഞാൻ സഭയുടെ മുൻപാകെ വയ്ക്കുകയാണു്.

(പല മെമ്പറന്മാരും ഉച്ചത്തിൽ അവ്യക്തമായി എന്തൊക്കെയോ വിളിച്ചു പറയുകയുണ്ടായി).

Shri Mathai Manjooran : This Assembly cannot vote on this issue either way. Unless it is stated whether the Resolution is in order or not, whether it is constitutional or not, we cannot proceed further.

(Many honourable Members were on their legs).

Shri Mathai Manjooran : It cannot be put to vote.

ശ്രീ. ടി. കെ. കൃഷ്ണൻ : ആദ്യം ഇതു് ഓർഡറിലാണോ എന്നു തീരുമാനിക്കണം.

മി. സ്പീക്കർ : ഇന്നത്തെ നിലയിൽ ഈ പ്രമേയം ഇവിടെ ചർച്ച ചെയ്യേണ്ടതില്ല എന്നാണു് ലീഡർ ഓഫ് ദി ഹൗസിന്റെ അഭിപ്രായം. അതു ഞാൻ സഭയുടെ മുൻപിൽ വക്കുന്നു.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : സ്പീക്കർക്കു് അതിനെന്തു അധികാരമാണുള്ളതു്. ഇവിടെ ആ പ്രശ്നം ഉദിക്കുന്നില്ല.

(അൽപ്പ സമയം ശബ്ദായമാനമായ അന്തരീക്ഷം).

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കമ്മിറ്റിയുടെ ചെയർമാൻ തന്നെ ഇവിടെ പറഞ്ഞതു് ഞങ്ങൾ ഇക്കാര്യമൊന്നും പരിശോധിച്ചിട്ടില്ല, അതു് ഞങ്ങളുടെ പരിധിയിൽപ്പെട്ട കാര്യമായിരുന്നില്ല, സമയം അലോട്ട ചെയ്യുക മാത്രമാണു് ചെയ്തിട്ടുള്ളതു് എന്നാണു്. ഇതിന്റെ നിയമപരമായ വശത്തെസംബന്ധിച്ചിടത്തോളം ഒരു റൂളിംഗ് തരേണ്ടതായ ബാധ്യത അങ്ങേയ്ക്കുണ്ടു്. അല്ലാതെ സഭയുടെ തീരുമാനത്തിനു വിടുക

LIBRARY ARCHIVES Kerala Legislative Assembly

എന്നു വന്നാൽ അതു് അങ്ങു തന്നെ ഇതുവരെ അനുവർത്തിച്ചുപോന്ന നയത്തിനെതിരായിരിക്കും. ഇക്കാര്യത്തിൽ അങ്ങു് ഒരു റസലൂഷൻ അവതരിപ്പിച്ചു് സഭയുടെ ഹിതം അറിയുന്നതിനു പകരം ഒരു റൂളിംഗു് നൽകിക്കൊണ്ടു് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കണം. റൂളിംഗാണു് ആവശ്യമായിട്ടുള്ളതു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ഈ സഭയിലെ ഓരോ അംഗത്തിന്റെയും നിയമപരമായ അവകാശങ്ങളും അംഗീകരിക്കാൻ അങ്ങു് ബാധ്യസ്ഥനാണു്.

റൂൾസ് ആഫ് പ്രൊസീഡിയറും ഭരണഘടനയുമനുസരിച്ചു് ഈ സഭയിലെ ഓരോ അംഗത്തിനുമുള്ള അവകാശം സംരക്ഷിക്കുവാനുള്ള ബാദ്ധ്യത സ്പീക്കർക്കുണ്ടു്. അതു് ഭൂരിപക്ഷതീരുമാനത്തിനു വിടേണ്ടതല്ല. ഒരു സ്വതന്ത്രമെമ്പർക്കാണെങ്കിൽ പോലും റൂൾസ് ഓഫ് പ്രൊസീഡിയറും ഭരണഘടനയും അനുസരിച്ചുള്ള പ്രൊട്ടക്ഷൻ അങ്ങയിൽനിന്നും ആവശ്യമാണു്. അതുകൊണ്ടു് ഞങ്ങൾക്കു് റൂളിംഗാണു് ആവശ്യം; ഞങ്ങൾക്കു് റൂളിംഗ് വേണം.

മി. സ്പീക്കർ : റൂളിംഗ് ആണോ ആവശ്യം? എന്തു റൂളിംഗ് ആണു് നൽകേണ്ടതു് എന്നുള്ളതിനെപ്പറ്റിയൊക്കെ ഞാൻ വിശദമായി പരിശോധിച്ചുനോക്കി. ഒടുവിൽ എന്നെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ അഭിപ്രായമാണു് ഈ സംഗതിയിൽ വേണ്ടതെന്ന നിഗമനത്തിലാണു് ഞാൻ എത്തിച്ചേർന്നിരിക്കുന്നതു്. സ്വമേധയാ ഞാൻതന്നെ ഇതിനെ സംബന്ധിച്ചു് ഒരു തീരുമാനമെടുക്കുന്നതു ശരിയായിരിക്കുകയില്ല. അതു് ഇപ്പോഴം പ്രസക്തമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. ഇതുമാതിരി സന്ദർഭങ്ങളിൽ സഭയുടെ അഭിപ്രായമറിയുന്നതു നന്നായിരിക്കും. അതുകൊണ്ടാണു് സഭയുടെ അഭിപ്രായം അറിയണമെന്നു് ഞാൻ പറഞ്ഞതു്.

ശ്രീ. മത്തായി മാഞ്ഞൂരാൻ : ഭരണഘടനാപരമായ പ്രശ്നങ്ങളാണു് ഞങ്ങളം ഉന്നയിച്ചിരിക്കുന്നതു്. അതുകൊണ്ടു്.....,

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ : ഞങ്ങൾ റെയിസ് ചെയ്തിട്ടുള്ള പ്രീവിലേജ് പോയിന്റ്സ് തെറ്റോ ശരിയോ എന്നു് അങ്ങു പറയണം.

(പല അംഗങ്ങളും എഴുന്നേറ്റുനിന്നു് എന്തോ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.)

ശ്രീ. ഇ. എം. ജോർജ് : ഭരണഘടനാപരമായ സംരക്ഷണം ഞങ്ങൾക്കു വേണം. ഈ സഭയിലെ ഓരോ അംഗത്തിനും ഭരണഘടനാപരമായ സംരക്ഷണത്തിനുള്ള അവകാശമുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഈ സഭയുടെ അഭിപ്രായമറിയണമെന്നു പറഞ്ഞില്ലേ; ഇനി എത്ര പേരു് അനുകൂലിക്കുന്നു എന്നും എത്രപേർ എതിർക്കുന്നു എന്നും ചോദിക്കൂ.

ശ്രീ. എൻ. പ്രഭാകരത്തണ്ടാർ : സ്പീക്കർ ചുമ്മാതിരിക്കുന്നതു് എന്താണു് ?

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : എല്ലാവരും എഴുന്നേറ്റുനില്ക്കുകയാണു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഇതു് ചർച്ചചെയ്യുന്നതു് ശരിയായിരിക്കുകയില്ലെന്ന അഭിപ്രായം ഇവിടെ പറഞ്ഞു.....

(ഒന്നിൽ കൂടുതൽ ആളുകളും എഴുന്നേറ്റുനിന്നു് എന്തെല്ലാമോ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.)

ശ്രീ. കെ. കരുണാകരൻ : അങ്ങു് ഒരു റൂളിംഗ് നൽകിക്കഴിഞ്ഞിരിക്കുക.....

ശ്രീ. ഇ. എം. ജോർജ് : ഞങ്ങൾക്കു് റൂളിംഗ് വേണം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : എന്തെങ്കിലും ഒന്നു പറയൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ഇതു് വോട്ടിനിട്ട തീരുമാനിക്കേണ്ട പ്രശ്നമല്ല. ഞങ്ങളും ഉന്നയിച്ച കാര്യങ്ങൾക്കു്.....

ശ്രീ. എം. കെ. എ. ഹമീദ് : ഞാൻ വളരെ നേരമായി എഴുന്നേറ്റു നിൽക്കുകയാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ : ബെല്ലിംഗ് തരാൻ കഴിയുകയില്ലെങ്കിൽ സ്പീക്കർ അവിടെ ഇരിക്കണ്ട.

മി. സ്പീക്കർ : സഭയിൽ ഇതു ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന അഭിപ്രായമുള്ള മെമ്പർമാർ ആരൊക്കെയാണെന്നു് അറിഞ്ഞാൽമതി.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: ലീഗൽ പോയിന്റു് റെയിസു ചെയ്താൽ അതിനു ബെല്ലിംഗ് കിട്ടണം, അല്ലാതെ പറ്റുകയില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : എന്തെങ്കിലും ഒന്നു പറയണം.

ശ്രീ. എം. കെ. ജോർജ്ജ് : ഈ കമ്മിറ്റിയുടെ ചെയർമാൻ ഇതു് പരിശോധിച്ചല്ല കൊണ്ടുവന്നതെന്നു പറഞ്ഞു. ഇനി അതിനെപ്പറ്റി സഭയുടെ അഭിപ്രായമറിയണമെന്നു പറയുന്നതു് ആർഡറിലാണോ സർ ?

ശ്രീ. കെ. എ. ശിവരാമഭാരതി : ഇതാണു് ഈ പ്രമേയത്തെ സംബന്ധിച്ചു് എനിക്കു പറയാനുള്ളതു്. കമ്മിറ്റി സമയം മാത്രമേ നിശ്ചയിച്ചിട്ടുള്ളു. ഏതായാലും കമ്മിറ്റി തീരുമാനമുണ്ടായിട്ടുണ്ടു്. അതു് ഇവിടെ അവതരിപ്പിച്ചിരിക്കുകയാണു്. അതിനെ സംബന്ധിച്ചു് വളരെയധികം അഭിപ്രായവ്യത്യാസമുണ്ടായിട്ടുണ്ടെന്നുള്ളതു് ശരിയാണു്. എന്നെ സംബന്ധിച്ചിടത്തോളവും എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളവും ഈ പ്രമേയം പാസ്സാക്കാവുന്നതാണു്. അതേസമയം, ഇതു് ഇവിടെ അവതരിപ്പിക്കത്തക്കതാണോ, ഭരണഘടനാവിരുദ്ധമാണോ എന്നുള്ളതിനെപ്പറ്റിയെക്കെ തീരുമാനമെടുക്കേണ്ടതു് സ്പീക്കറാണു്. അതുകൊണ്ടു് ഇതു സംബന്ധിച്ച തീരുമാനം അങ്ങു് എടുക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. അങ്ങു് ഒരു തീരുമാനമെടുക്കാതെ ഇതു സംബന്ധിച്ചു് ചർച്ച ചെയ്യുന്നതു് ശരിയായിരിക്കുകയില്ലെന്ന അഭിപ്രായം എനിക്കുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ശ്രീ. ഹമീദു് വളരെ സമയമായി ഭിക്ഷക്കാരനെപ്പോലെ നില്ക്കുകയാണു്.

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : സർ, ആ ഉപമ പിൻവലിക്കണം.

ശ്രീ. എം. കെ. എ. ഹമീദ് : സർ, അങ്ങു് ഈ സഭയുടെ ദാസനല്ല, നാഥനാണു്. ഇവിടെ ഉന്നയിച്ചിട്ടുള്ള അടിസ്ഥാനപരമായിട്ടുള്ള പ്രശ്നങ്ങൾക്കു് തീരുമാനമെടുക്കുവാനുള്ള അവകാശം അങ്ങയ്ക്കുണ്ടു്. എല്ലാ ഭാഗത്തുനിന്നുമുള്ള അഭിപ്രായങ്ങൾ കേട്ടു് അതിനെ സംബന്ധിച്ച അവസാന തീരുമാനമെടുക്കേണ്ടതു് അങ്ങാണു്. സഭാനേതാവു് ഇവിടെ ഒരു അഭിപ്രായം വച്ചു. സമയം ഇത്രയൊക്കെ ആയി. ആ സന്ദർഭത്തിൽ ഈ പ്രമേയം വേണ്ടെന്നു വയ്ക്കണമെന്നല്ല, ഇതിന്റെ ന്യായമവശങ്ങളെല്ലാം പരിശോധിച്ചതിനുശേഷം വേണ്ടിവന്നാൽ വീണ്ടും ചർച്ച ചെയ്യാമെന്നു് സഭാനേതാവു പറഞ്ഞ നിർദ്ദേശം സ്വീകരിക്കണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. ആർ. എസ്സ്. ഉണ്ണി : എന്തോ വലിയ വിജ്ഞാനം പകരുന്നതുപോലെയാണല്ലോ പറയുന്നതു .

ശ്രീ. സി. കെ. ബാലകൃഷ്ണൻ : അതെ, വിജ്ഞാനം പകരുകതന്നെ.

(ഈ സമയം ശ്രീ. ബേബി ജോണും മറ്റു ചില ഭരണകക്ഷി അംഗങ്ങളുംതമ്മിൽ എന്തോ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി മാഞ്ഞൂരാൻ : സ്പീക്കർ ഒരു റൂളിംഗ് തരണം. അതല്ലെങ്കിൽ ഈ സഭ നടക്കുകയില്ല. ഞങ്ങൾ.....

ശ്രീ. എൻ. പ്രഭാകരതണ്ടാർ : സഭയെ നയിക്കാൻ ആളുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : ഇതൊക്കെ മോശമാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ : അങ്ങ് ഈ സമയത്തു് റൂളിംഗ് തരാതിരിക്കുന്നതു് ഖേദകരമാണ്.

മി. സ്പീക്കർ : എനിക്കും വളരെയധികം ഖേദമുണ്ട്, ഇങ്ങനെ ഒരു സീൻ ഉണ്ടായതിൽ. ഇതൊക്കെ മറ്റു സ്ഥലങ്ങളിൽ വച്ചാകാമായിരുന്നു. പ്രസിഡേഴ്സ് ഗ്യാലറിയിലൊക്കെ വളരെയധികം ആളുകളുണ്ട്. ഈ രീതിയിലുള്ള സീനൊക്കെ ഈ സഭയിൽ ഉണ്ടായ സന്ദർഭത്തിൽ ഈ കസേരയിൽ ഇരിക്കേണ്ടിവന്ന ദൗർഭാഗ്യത്തെ സംബന്ധിച്ച് ഞാൻ ഈ അവസരത്തിൽ ചിന്തിച്ചുപോവുകയാണ്. എനിക്കു് വളരെയധികം സങ്കടവും വിഷമവുമുണ്ട്.

ഇനി ഞാൻ ഒരു കാര്യം പറയാം. എന്റെ വിവരവും ബുദ്ധിയും ഭാവനയും കാമൺസെൻസും എല്ലാം ഉപയോഗിച്ചാണ് ഞാൻ തീരുമാനങ്ങൾ എടുക്കാറുള്ളതു്. ഇതുവരെ വലിയ അഭിപ്രായവ്യത്യാസങ്ങളൊന്നും ദൗർഭാഗ്യവശാൽ ഈ സഭയിൽനിന്നും ഉണ്ടായിട്ടില്ല. ഇന്നു് ഞാൻ എടുത്ത തീരുമാനവും ആ വിധത്തിലുള്ള ഒരു തീരുമാനമാണെന്നാണ് എന്റെ വിശ്വാസം. പിന്നെ ഇതിൽ ഒന്നുണ്ട്. ഞാൻ വല്ല അപകടകാരിയാണെന്നു തോന്നുകയും ഞാൻ എടുക്കുന്ന തീരുമാനങ്ങൾ അബദ്ധമാണെന്നു തോന്നുകയും ഇങ്ങനെയുള്ള സീൻ തുടർന്നുകൊണ്ടുപോകാൻ ഉദ്ദേശിക്കുകയും ചെയ്യുകയാണെങ്കിൽ എന്നെ അങ്ങു മാറ്റിയേക്കണം.

ശ്രീ. ബേബി ജോൺ : വേറെ ആരെയെങ്കിലും ഇരുത്തണം.

(നിരവധി അംഗങ്ങൾ ഈ സമയം എഴുന്നേറ്റുനിന്നു് പലതും പറഞ്ഞുകൊണ്ടിരുന്നു).

മി. സ്പീക്കർ : ഇനിയെങ്കിലും എനിക്കു പറയാൻ അവസരം തരണം. ഇത്രയേറെ സമയം.....

ശ്രീ. പി. ഗോവിന്ദപ്പിള്ള : അങ്ങ് ഞങ്ങളോടു് അനീതിയാണ് ചെയ്യുന്നതു്.

മി. സ്പീക്കർ : ശ്രീ. ഗോവിന്ദപ്പിള്ള അതു പറയരുതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മിനിഞ്ഞാന്നും നാലാന്നാളും ഉണ്ടായതുപോലുള്ള എടാ പോടാ വിളികളൊന്നും ഇന്നു് ഉണ്ടായില്ല. ഇതിനുമുമ്പെല്ലാം ഇതുപോലുള്ള കാര്യങ്ങൾ അങ്ങയ്ക്കു് വിദഗ്ദ്ധമായി കൈകാര്യം ചെയ്യാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഇന്നത്തെപ്പോലുള്ള പ്രശ്നങ്ങൾ സഭയുടെ ഹിതം അറിയാൻ വിട്ടുകൊടുക്കാതെ അങ്ങുതന്നെ തീരുമാനമെടുക്കേണ്ടതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. അങ്ങയോടു ബഹുമാനക്കുറവുണ്ടാകത്തക്ക യാതൊരു പ്രവർത്തനവും ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അങ്ങു് റൂളിംഗ് നൽകേണ്ടകാര്യം സഭയുടെ ഹിതത്തിനു വിടുകയെന്ന ചെയ്യരുതാത്ത കാര്യം ചെയ്യരുതെന്നാണ് ഞങ്ങൾ പറയുന്നതു്. ഇനി അങ്ങയുടെ പരാമർശത്തെയോ അങ്ങയുടെ പെരുമാറ്റത്തെയോ ചോദ്യം ചെയ്യുക്കുവിധത്തിലോ അങ്ങയെ വേദനിപ്പിക്കുന്ന വിധത്തിലോ ഈ ഭാഗത്തുനിന്നും വല്ലതും ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു് താഴ്ന്ന മനസ്സോടുകൂടി ഞാൻ ക്ഷമാപണം ചോദിക്കുന്നു. നമ്മുടെ ലേബർ മന്ത്രിവരെ വളരെ സഹിഷ്ണുതയോടെയാണ് ഇന്നു് ഇരുന്നതു്. മിനിഞ്ഞാന്നത്തെ ലേബർ മന്ത്രിയല്ല ഇന്നത്തെ ലേബർ മന്ത്രി. ഇന്നത്തെ പ്രശ്നം ഈ പ്രമേയത്തെ സംബന്ധിച്ച് കമ്മിറ്റി പരിശോധിച്ചാണ് ഇവിടെ കൊണ്ടുവ

LIBRARY ARCHIVES Kerala Legislative Assembly

ന്നതു്. ഇനി അതു മാറണമെങ്കിൽ സഭയുടെ ഹിതമറിയണമെന്നാണു്. എന്നാൽ കമ്മിറ്റി ചെയർമാൻ പറയുന്നതു്, എല്ലാ വശങ്ങളും പരിശോധിച്ചിട്ടില്ല സമയം മാത്രമേ നിശ്ചയിച്ചിട്ടുള്ള എന്നാണു്. അതുകൊണ്ടു് ഇതുസംബന്ധിച്ചു് അങ്ങയുടെ റൂളിംഗാണു് ആവശ്യം. സഭയുടെ ഹിതം പ്രശ്നമല്ല. അതുകൊണ്ടു് റൂളിംഗ് നൽകിയതിനുശേഷമേ മറ്റു കാര്യങ്ങളിലേയ്ക്കു് കടക്കാവൂ എന്നാണു്, എന്റെ അഭിപ്രായം.

ശ്രീ. കെ. കരുണാകരൻ : എന്റെ നിർദ്ദേശം വോട്ടിനിടണമെന്നുള്ളതാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : വോട്ടിനിടാൻ പാടില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഞങ്ങൾക്കു് റൂളിംഗ് വേണം.

ശ്രീ. ഇ. എം. ജോർജ്ജ് : റൂളിംഗാണു് ആവശ്യം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : പ്രമേയത്തിനു അനുവദിച്ചിട്ടുള്ള സമയം തീർന്നു. അതുകൊണ്ടു് സഭ പിരിയണം.

ശ്രീ. കെ. കരുണാകരൻ : സഭ പിരിയാൻ പാടില്ല. ഇടർന്നും ഇരിക്കണം.

ശ്രീ. കെ. എം. ജോർജ്ജ് : അഭിമാനത്തിന്റെ കണികയെങ്കിലുമുണ്ടെങ്കിൽ സഭ പിരിയരുതു്.

ശ്രീ. മത്തായി മാഞ്ഞൂരാൻ : കുതികാൽവെട്ടികളുടെ അഭിമാനം.

ശ്രീ. എം. കെ. എ. ഹമീദു് : ഇന്നു് വെള്ളിയാഴ്ചയാണു്. ഞങ്ങൾക്കു് പള്ളിയിൽ പോകണം. അതുകൊണ്ടു് സഭ പിരിയണം.

(വളരെയധികം അംഗങ്ങൾ എഴുന്നേറ്റുനിന്നു് സഭ പിരിയണമെന്നും പിരിയരുതെന്നും വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.)

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സഭ മറ്റൊരു ദിവസത്തേയ്ക്കു മാറ്റിവയ്ക്കണം.

ശ്രീമതി കെ. ആർ. ഗൗരി : സമയം വളരെയായി, പ്രമേയത്തിനു നിശ്ചയിച്ചിരുന്ന സമയവും തീർന്നു. അതുകൊണ്ടു് മാറ്റിവയ്ക്കുന്നതാണു് നല്ലതു്. സഭ ഉടനെ പിരിയണം.

(എല്ലാ ഭാഗത്തും ബഹുമാനപ്പെട്ട അംഗങ്ങൾ എഴുന്നേറ്റുനിന്നു സംസാരിച്ചുകൊണ്ടിരുന്നു.)

ശ്രീ. മത്തായി മാഞ്ഞൂരാൻ : സിറ്റിംഗ് തുടരണം; സഭ പിരിയാൻ പാടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഷെഡ്യൂൾ അനുസരിച്ചു് സഭ പിരിയേണ്ട സമയമായിരിക്കുകയാണു്. അതേയവസരത്തിൽ, സഭ നേരത്തെ തീരുമാനിച്ചിരുന്ന പ്രകാരമുള്ള നടപടികളൊന്നും മുമ്പോട്ടു പോയിട്ടുമില്ല. ആ നിലയ്ക്കു് അങ്ങ് റൂൾ 'വേയ്വു' ചെയ്തുകൊണ്ടു്, ഈ പ്രമേയത്തെ സംബന്ധിച്ചുള്ള പ്രശ്നത്തിൽ റൂളിംഗ് നൽകാൻ കഴിഞ്ഞശേഷം ഈ പ്രമേയം വീണ്ടും അവതരിപ്പിക്കുന്നതിനുള്ള അനുമതിയോടുകൂടി സഭ ഇപ്പോഴം പിരിച്ചുവിടണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശത്തോടു ഞാൻ അനുകൂലിക്കുന്നു.

(മറ്റു പല ഭരണകക്ഷിയംഗങ്ങളും അനുകൂലിച്ചുകൊണ്ടു് സംസാരിക്കുന്നു. വ്യക്തമല്ല. വീണ്ടും സഭ പ്രക്ഷുബ്ധമാകുന്നു)

ശ്രീ. കെ. എം. മാണി : ഒരു പോയിന്റു് ഓഫ് ആർഡർ,..... വോട്ടിനിടാതെ പിരിയരുതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : അങ്ങനെയാണെങ്കിൽ നമുക്ക് 3 മണിക്ക് വീണ്ടും സമ്മേളിക്കാം.

ശ്രീ. മത്തായി മാഞ്ഞൂരാൻ : സാദ്ധ്യമല്ല.

ശ്രീമതി കെ. ആർ. ഗൗരി : സമയം പന്ത്രണ്ടരയായി. അഡ്ജോൺ ചെയ്യണം.

മി. സ്പീക്കർ : ലീഡർ പറഞ്ഞു അഡ്ജോൺ ചെയ്യണമെന്ന്. എന്റെ തീരുമാനം ഞാൻ പറഞ്ഞു; അതു ഹൗസിന്റെ മുമ്പിൽ വയ്ക്കുകയും ചെയ്തു. അതനുസരിച്ച് നടപടികളും മുൻപോട്ടു പോകാൻ സാഹചര്യമുണ്ടായില്ല. അതാണ് നില. ഇനി കൂടുതലായി എന്താണ് പറയേണ്ടത്. ഈ നിലയിൽ സഭ ഇപ്പോൾ അഡ്ജോൺ .....

ശ്രീ. കെ. കരുണാകരൻ : അതുവേണ്ട.....

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട സ്പീക്കർ ഈ വിഷയത്തെപ്പറ്റി സഭയിൽ ഒരു തീരുമാനം അറിയിച്ചിട്ട് അര മണിക്കൂറായി.....

ശ്രീ. സി. കെ. ബാലകൃഷ്ണൻ : അതു പഴയ തീരുമാനമാണ്. ഇപ്പോൾ അതല്ല തീരുമാനം. ഞങ്ങൾ റൂളിംഗ് ആണ് ആവശ്യപ്പെട്ടത്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : സഭ 12-30 ന് പിരിയേണ്ടതാണ്.

ശ്രീ. എം. കെ. എ. ഹമീദ് : സർ, മതപരമായ കാര്യമാണ്; പള്ളിയിൽ പോകണം.

ശ്രീ. കെ. ടി. ജോർജ്ജ് : സർ,.....

ശ്രീ. എം. കെ. എ. ഹമീദ് : ....സർ,.....

ശ്രീ. ബേബി ജോൺ : ഇരിക്കെടാ അവിടെ.....

(കൂടുതൽ ബഹളം)

ഒരു മെമ്പർ : വേറൊരു ദിവസത്തേക്ക് ഈ പ്രമേയം മാറ്റാം; മുൻപ് അങ്ങനെ ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. എം. മാണി : വോട്ടിനിടണം.

ശ്രീ. ഈ. കെ. ഇമ്പിച്ചിബാവ : ഇരിക്ക് അവിടെ, ഇരിക്ക് അവിടെ.
(എല്ലാ ഭാഗത്തും ബഹളം)

മി. സ്പീക്കർ : വോട്ടിനിടുവാൻ സമ്മതിക്കുന്നില്ല. ഞാൻ എടുക്കുന്ന തീരുമാനം നടപ്പാക്കാനുള്ള സാഹചര്യമില്ല. ഈ നിലയിൽ സഭാനടപടികളും തുടരുന്നതിൽ അർത്ഥമില്ല.

The House will now adjourn sine-die.

(ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി 'ഷെയിം' എന്ന് ആവർത്തിച്ചു പറയുന്നു. ചില ഭരണകക്ഷിയംഗങ്ങളും 'ഷെയിം' എന്നും മറ്റു ചിലർ 'ആയിക്കൊള്ളട്ടെ എന്നും പറയുന്നു).

The Assembly adjourned sine die at 12·40 p. m.

LIBRARY ARCHIVES Kerala Legislative Assembly